സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2024 മെയ് 10 വെള്ളി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | പുസ്തകം 17 ലക്കം 144


## ജസ്ന തിരോധാന കേസിൽ തുടരന്വേഷണത്തിന് ഉത്തരവ്

തിരുവനന്തപുരം: ജസ്ന തിരോധാന കേസിൽ തുടരന്വേഷണത്തിന് കോടതി ഉത്തരവിട്ടു. ജസ്നയുടെ അച്ഛൻ ജയിംസ് ജോസഫ് നൽകിയ ഹർജിയിലാണ് സിജെഎം കോടതിയുടെ ഉത്തരവ്. വിധിയിൽ സന്തോഷമുണ്ടെന്നും അന്വേഷണത്തിൽ പ്രതീക്ഷയുണ്ടെന്നും ജെസ്നയുടെ അച്ഛൻ ജെയിംസ് പ്രതികരിച്ചു. കേസ് ഡയറി കഴിഞ്ഞ ദിവസം സിബിഐ കോടതിയിൽ ഹാജരാക്കിയിരുന്നു. സീൽ ചെയ്ത കവറിൽ കേസുമായി ബന്ധപ്പെട്ട ചില ചിത്രങ്ങളും കഴിഞ്ഞ ദിവസം ജെയിംസ് കോടതിയിൽ ഹാജരാക്കിയിരുന്നു. ഇത് സി ബി ഐ അന്വേഷണ പരിധിയിൽ വന്നിരുന്നോ എന്ന് പരിശോധിച്ച ശേഷം ഇല്ലെന്ന് വ്യക്തമായതോടെയാണ് തുടരന്വേഷണത്തിന് ഉത്തരവിട്ടത്. പത്തനംതിട്ട വെച്ചൂച്ചിറ സ്വദേശി ജസ്നയെ 2018 മാർച്ച് 22 നാണ് കാണാതായത്.മകൾ ജീവിച്ചിരിപ്പില്ലെന്നും തൻറെ അന്വേഷണത്തിൽ കൂടുതൽ തെളിവുകൾ ലഭിച്ചുവെന്നുമാണ് അച്ഛൻ ജയിംസിൻറെ അവകാശവാദം

## കൊലപാതക കേസിൽ ഇന്ത്യക്കാരന്റെ വധശിക്ഷ നടപ്പാക്കി

റിയാദ്: സൗദി അറേബ്യയിലെ അസീർ മേഖലയിൽ കൊലപാതക കേസിൽ പ്രതിയായ ഇന്ത്യക്കാരൻറെ വധശിക്ഷ നടപ്പാക്കി. മുഹമ്മദ് നൗഷാദ് ഖാൻ എന്നയാളെ കൊലപ്പെടുത്തി കിണറിലേക്ക് വലിച്ചെറിഞ്ഞ സംഭവത്തിലാണ് ഇന്ത്യൻ പൗരന്റെ വധശിക്ഷ നടപ്പാക്കിയത്.

ആഭ്യന്തര മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്. ഇന്ത്യക്കാരനായ ജമാലുദ്ദീൻ ഖാൻ താഹിർ ഖാൻ എന്നയാളുടെ വധശിക്ഷയാണ് നടപ്പാക്കിയത്. മുഹമ്മദ് നൗഷാദ് ഖാനെ കൊന്ന് കിണറിലേക്ക് തള്ളുകയായിരുന്നു. തുടർന്ന് ജമാലുദ്ദീനെ പൊലീസ് അറസ്റ്റ് ചെയ്തു. പിന്നീട് കുറ്റം തെളിയിക്കുകയും ചെയ്തു.

അനധികൃതമായി രാജ്യത്തേക്ക് പ്രവേശിക്കാൻ ശ്രമിച്ചതിന് അറസ്റ്റിലായ 1,233 പേരിൽ 65 ശതമാനം യമനികളും 31 ശതമാനം എത്യോപ്യക്കാരും നാല് ശതമാനം മറ്റ് രാജ്യക്കാരുമാണ്. അയൽ രാജ്യങ്ങളിലേക്ക് കടക്കാൻ ശ്രമിച്ച 96 പേരെ പിടികൂടി. നിയമലംഘകരെ കടത്തിക്കൊണ്ടുവന്നതിനും അഭയം നൽകിയതിനും ഒമ്പത് പേരെ കസ്റ്റഡിയിലെടുത്തു.

# ഇഡിക്കു തിരിച്ചടി, അരവിന്ദ് കെജരിവാളിന് ഇടക്കാല ജാമ്യം



ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണ ഇടപാടു കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് ഇടക്കാല ജാമ്യം. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കടുത്ത എതിർപ്പ് തള്ളിയാണ് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങിയ ബെഞ്ചിന്റെ വിധി. ജൂൺ ഒന്നുവരെയാണ് കെജരിവാളിനു ജാമ്യം അനുവദിച്ചത്.

അറസ്റ്റ് ചോദ്യം ചെയ്തുള്ള കെജരിവാളിന്റെ ഹർജിയിൽ സുപ്രീം കോടതി ഇടക്കാല ജാമ്യം പരിഗണിക്കുകയായിരുന്നു. രാഷ്ട്രീയക്കാരൻ എന്ന പരിഗണന വച്ച് ജാമ്യം അനുവദിക്കാനാവില്ലെന്ന് ഇഡി നിലപാടെടുത്തു. രാഷ്ട്രീയക്കാരൻ എന്നതല്ല, ഓരോ വ്യക്തിക്കും അസാധാരണ സാഹചര്യങ്ങൾ ഉണ്ടാവാമെന്ന് കോടതി പറഞ്ഞു. കെജരിവാൾ ഡൽഹിയുടെ തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയാണ്. തെരഞ്ഞെടുപ്പു കാലമാണ്. ഇതൊരു അസാധാരണ സാഹചര്യമാണെന്ന് കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

കേസിൽ അരവിന്ദ് കെജരിവാളിനെ അറസ്റ്റ് ചെയ്തതു വരെയുള്ള കേസ് ഫയലുകൾ ഹാജരാക്കാൻ ഇഡിയോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. സുപ്രീം കോടതി ഇടക്കാല ജാമ്യം പരിഗണിക്കുമെന്നു വ്യക്തമായതോടെ ഇഡി പുതിയ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. തെരഞ്ഞെടുപ്പു പ്രചാരണത്തിനുള്ള അവകാശം മൗലിക അവകാശമല്ലെന്നാണ് ഇഡി നിലപാടെടുത്തത്.

കേസിൽ അന്വേഷം ഇഴഞ്ഞുനീങ്ങുന്നതിനെ കോടതി ചോദ്യം ചെയ്തു. രണ്ടു വർഷമെടുത്താണ് എന്തെങ്കിലുമൊരു പുരോഗതിയുണ്ടാവുന്നത്. പ്രതികളോടും സാക്ഷികളോടും കൃത്യമായ ചോദ്യങ്ങൾ ചോദിക്കാതെ ഇഡി വളഞ്ഞ വഴി സ്വീകരിക്കുകയാണെന്നും കോടതി വിമർശിച്ചു.

കേസിൽ കെജരിവാളിന്റെ പങ്ക് പിന്നീട് വ്യക്തമായതെന്ന് ഇഡിക്കു വേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ എസ് വി രാജു പറഞ്ഞു. തുടക്കത്തിൽ കെജരിവാളിൽ ആയിരുന്നില്ല ഫോക്കസ്. പിന്നീടു കൂടുതൽ കാര്യങ്ങൾ വെളിപ്പെട്ടു. ഗോവ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ കെജരിവാൾ സെവൻ സ്റ്റാർ ഹോട്ടലിലാണ് തങ്ങിയതെന്നും ഡൽഹി പൊതു ഭരണ വകുപ്പ് ഇതിനു ഭാഗികമായി പണം നൽകിയിട്ടുണ്ടെന്നും എസ് വി രാജു പറഞ്ഞു.

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട് ഇഡി അന്വേഷിക്കുന്ന കള്ളപ്പണക്കേസിൽ മാർച്ച് 21നാണ് കെജരിവാളിനെ അറസ്റ്റ് ചെയ്തത്. തിഹാർ ജയിലിൽ കഴിയുന്ന കെജരിവാളിന് ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രചാരണം നടത്താൻ കഴിഞ്ഞിട്ടില്ല.

അറസ്റ്റ് ചോദ്യം ചെയ്തുള്ള ഹർജി ഡൽഹി ഹൈക്കോടതി തള്ളിയതിനെ ചോദ്യം ചെയ്താണ് കെജരിവാൾ സുപ്രീം കോടതിയെ സമീപിച്ചത്.

## '10 ലക്ഷം രൂപ തന്നാൽ ഉത്തരങ്ങൾ എഴുതിച്ചേർക്കാം'; ഗുജറാത്തിൽ നീറ്റ് പരീക്ഷാ തട്ടിപ്പ്






ഗോധ്ര: ഗുജറാത്തിൽ നീറ്റ് പരീക്ഷാത്തട്ടിപ്പിൽ സ്കൂൾ അധ്യാപകനടക്കം മൂന്ന് പേർ പിടിയിൽ. പത്ത് ലക്ഷം രൂപ വീതം തന്നാൽ ഉത്തരക്കടലാസിൽ ശരിയുത്തരങ്ങൾ എഴുതിച്ചേർക്കാമെന്ന് പറഞ്ഞായിരുന്നു തട്ടിപ്പ്. ആറു വിദ്യാർഥികളിൽ നിന്നാണ് പണം തട്ടാൻ ശ്രമിച്ചതെന്ന് പൊലീസ് പറഞ്ഞു. പഞ്ച്മഹൽ ജില്ലയിലെ ഗോധ്രയിലാണ് സംഭവം നടന്നത്.

കഴിഞ്ഞ ഞായറാഴ്ച നടന്ന നീറ്റ്-യുജി പരീക്ഷയുടെ കേന്ദ്രമായ ഗോധ്ര സ്കൂളിൽ ചിലർ ക്രമക്കേട് നടത്തിയതായി കലക്ടർക്ക് സൂചന ലഭിച്ചിരുന്നു. ഫിസിക്സ് അധ്യാപകനും പരീക്ഷാകേന്ദ്രത്തിലെ ഡെപ്യൂട്ടി സൂപ്രണ്ടായിരുന്ന തുഷാർ ഭട്ട്, പരശുറാം റോയ്, ആരിഫ് വോറ എന്നിവർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്. ശരിയുത്തരം എഴുതിച്ചേർക്കാമെന്ന് പറഞ്ഞ് വിദ്യാർഥിയിൽ നിന്ന് വാങ്ങിയ ഏഴ് ലക്ഷം രൂപ തുഷാർ ഭട്ടിന്റെ കാറിൽ നിന്ന് കണ്ടെടുത്തതായി പൊലീസ് പറഞ്ഞു.അറിയാത്ത ഉത്തരങ്ങൾ ഉണ്ടെങ്കിൽ അത് ഒഴിച്ചിടാനായിരുന്നു ധാരണ. പേപ്പറുകൾ ശേഖരിച്ചുകഴിഞ്ഞാൽ തുഷാർഭട്ട് ഈ ശരിയുത്തരങ്ങൾ എഴുതിച്ചേർക്കുമെന്നും ഇവർ വിദ്യാർഥികൾക്ക് ഉറപ്പ് നൽകുകയായിരുന്നു. ജയ് ജലറാം സ്കൂളിൽ അധ്യാപകനായി ജോലി ചെയ്യുന്ന തുഷാർ ഭട്ടിനെ ജില്ലാ അഡീഷണൽ കലക്ടറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും അടങ്ങുന്ന സംഘം പരീക്ഷാ ദിവസം ചോദ്യം ചെയ്തു. ഇയാളുടെ മൊബൈൽ ഫോൺ പരിശോധിച്ചപ്പോൾ 16 വിദ്യാർഥികളുടെ പേരുകളും റോൾ നമ്പറും പരീക്ഷാകേന്ദ്രങ്ങളും അടങ്ങിയ ലിസ്റ്റ് കണ്ടെത്തുകയും ചെയ്തു. കൂട്ടുപ്രതിയായ പരശുറാം റോയ് തുഷാർ ഭട്ടിന് വാട്ട്സാപ്പിലൂടെ അയച്ചു നൽകിയതായിരുന്നു ഇതെന്നും പ്രതി സമ്മതിച്ചിട്ടുണ്ട്.

ഇവരെല്ലാം താൻ സൂപ്രണ്ടായിരുന്ന കേന്ദ്രത്തിൽ നീറ്റ് പരീക്ഷ എഴുതാനെത്തിയവരാണെന്ന് ഭട്ട് പൊലീസിനോട് സമ്മതിച്ചു. ഇവരിൽ ആറുപേരുടെ ചോദ്യപ്പേപ്പറുകളിൽ ശരിയുത്തരം എഴുതിച്ചേർക്കാൻ 10 ലക്ഷം രൂപ വീതം ആവശ്യപ്പെട്ടതായും ഇയാൾ സമ്മതിച്ചതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ കിരിത് പട്ടേൽ പറഞ്ഞു. ഇതിൽ ഒരു വിദ്യാർഥി അഡ്വാൻസായി നൽകിയ ഏഴുലക്ഷം രൂപയാണ് കാറിൽ നിന്ന് പിടിച്ചെടുത്തത്. അന്വേഷണ സംഘം ജില്ലാ കലക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നാണ് കേസെടുക്കാൻ ഉത്തരവിട്ടത്. കേസിൽ കൂടുതൽ അന്വേഷണം നടക്കുകയാണെന്ന് ഗോധ്ര താലൂക്ക് പൊലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥൻ പറഞ്ഞു.

## പാനൂർ വിഷ്ണുപ്രിയ കൊലക്കേസിൽ പ്രതി ശ്യാംജിത്ത് കുറ്റക്കാരൻ





കണ്ണൂർ : പ്രണയപ്പകയിൽ പാനൂർ സ്വദേശിയായ വിഷ്ണുപ്രിയ എന്ന പെൺകുട്ടിയെ കൊലപ്പെടുത്തിയ കേസിൽ പ്രതി ശ്യാംജിത്ത് കുറ്റക്കാരനെന്ന് കോടതി കണ്ടെത്തൽ. തലശ്ശേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതിയാണ് പ്രതി കുറ്റക്കാരനെന്ന് കണ്ടെത്തിയത്. ശിക്ഷാ വിധി ഈ മാസം 13 ന് വിധിക്കും.

വിഷ്ണുപ്രിയ സൗഹൃദം അവസാനിപ്പിച്ചതിന്റെ പകയിലായിരുന്നു ആരുമില്ലാത്ത നേരത്ത് വീട്ടിൽ കയറി പ്രതി കൊലപാതകം നടത്തിയത്. വിഷ്ണുപ്രിയ ആൺസുഹൃത്തുമായി വീഡിയോ കോൾ ചെയ്യുന്ന സമയത്തായിരുന്നു പ്രതി ആയുധങ്ങളുമായി വീട്ടിലേക്ക് എത്തിയത്. ശ്യാജിത്ത് വിഷ്ണുപ്രിയയുടെ വീട്ടിലേക്ക് കയറി വന്നത് ഈ വീഡിയോ കോളിൽ പതിഞ്ഞിരുന്നു. ഈ 13 സെക്കൻറ് ദൃശ്യമാണ് കേസിൽ നിർണായക തെളിവായത്. പ്രതി ചുറ്റികയും മറ്റ് ആയുധങ്ങളും വാങ്ങിയതിൻറെ സിസിടിവി ദൃശ്യങ്ങളും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കി.

2022 ഒക്ടോബർ 22ന് പാനൂരിലെ വള്ള്യായിലാണ് ദാരുണ സംഭവമുണ്ടായത്. വീട്ടിൽ ആൺ സുഹൃത്തുമായി വീഡിയോ കോളിൽ സംസാരിക്കുന്നതിനിടെ കയറി വന്ന ശ്യാംജിത് വിഷ്ണുപ്രിയയെ ചുറ്റിക കൊണ്ട് തലയ്ക്കടിച്ച് വീഴ്ത്തിയ ശേഷം കഴുത്തറത്ത് കൊലപ്പെടുത്തുകയായിരുന്നു. മരിച്ച ശേഷവും ശരീരത്തിൽ കുത്തിപ്പരിക്കേൽപ്പിച്ചു. 29 മുറിവുകളാണ് വിഷ്ണുപ്രിയയുടെ ശരീരത്തിലുണ്ടായിരുന്നത്. വിഷ്ണുപ്രിയ ശ്യാംജിത്തുമായുള്ള സൗഹൃദം അവസാനിപ്പിച്ചതിന്റെ പകയിലായിരുന്നു കൊലപാതകം. പൊന്നാനി സ്വദേശിയായ വിവിൻ രാജുമായി പെൺകുട്ടി അടുത്തതും ശ്യാംജിത്തിനെ പ്രകോപിപ്പിച്ചു. വീട്ടുകാർ ഒരു മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ പോയ സമയത്താണ് പ്രതി വിഷ്ണുപ്രിയയുടെ വീട്ടിലെത്തി കൊലപാതകം നടത്തിയത്.

## നവകേരള സദസ് യാത്രയ്ക്കിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ തല്ലിയ കേസ്; മുഖ്യമന്ത്രിയുടെ ഗൺമാൻമാരെ ചോദ്യം ചെയ്തു

ആലപ്പുഴ: നവകേരള സദസ് യാത്രയ്ക്കിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ തല്ലിയ കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻമാരെ ചോദ്യം ചെയ്തു. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടന്ന ചോദ്യം ചെയ്യലിൻറെ വിവരങ്ങൾ ഇപ്പോഴാണ് പുറത്തുവന്നിരിക്കുന്നത്. രഹസ്യമായാണ് ചോദ്യം ചെയ്യൽ നടന്നിരിക്കുന്നത്.

മുഖ്യമന്ത്രിയുടെ ഗൺമാൻമാരായ സുനിൽ കുമാർ, സന്ദീപ എന്നിവരെയാണ് ആലപ്പുഴ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ചോദ്യം ചെയ്തിരിക്കുന്നത്. ഇദ്ദേഹം തിരുവനന്തപുരത്തെത്തി ഇരുവരുടെയും മൊഴിയെടുത്തു എന്നാണ് സൂചന. അക്രമം നടന്ന് അഞ്ച് മാസത്തിന് ശേഷമാണ് ചോദ്യം ചെയ്യൽ നടന്നിരിക്കുന്നത്. മുമ്പ് രണ്ട് തവണ ഇവരെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചപ്പോഴും പല കാരണങ്ങൾ ചൂണ്ടിക്കാട്ടി ഇവർ ഹാജരായിരുന്നില്ല.

മുഖ്യമന്ത്രിയുടെ ജീവൻ സംരക്ഷിക്കുക എന്നത് തങ്ങളുടെ ജോലിയാണ്, അതിൻറെ ഭാഗമായാണ് ഇങ്ങനെയൊരു നടപടിയിലേക്ക് കടന്നത് എന്നാണ് ഇവർ മൊഴി നൽകിയിരിക്കുന്നത്. പരമാവധി 7 വർഷത്തിൽ താഴെ മാത്രം ശിക്ഷ ലഭിക്കാവുന്ന വകുപ്പായതിനാൽ ഇരുവരെയും ചോദ്യം ചെയ്ത ശേഷം അന്വേഷണ ഉദ്യോഗസ്ഥർ തിരിച്ചയയ്ക്കുകയായിരുന്നു. കഴിഞ്ഞ ഡിസംബർ 15നാണ് നവകേരള സദസ് യാത്രയ്ക്കിടെ ആലപ്പുഴ ടൗണിൽ വച്ച് മുഖ്യമന്ത്രിയുടെ ബസിന് നേരെ കരിങ്കൊടി കാണിച്ചതിന് കെഎസ്‌യു- യൂത്ത് കോൺഗ്രസ് സംസ്ഥാന ഭാരവാഹികൾ അടക്കമുള്ള പ്രവർത്തകരെ മുഖ്യമന്ത്രിയുടെ ഗൺമാൻമാർ അടക്കം വളഞ്ഞിട്ട് മർദ്ദിച്ചത്.

കരിങ്കൊടി കാട്ടിയ ശേഷം മുഖ്യമന്ത്രിയുടെ ബസ് കടന്നുപോയിരുന്നു. ഇത് കഴിഞ്ഞ് കാറിലെത്തിയ ഗൺമാൻമാർ എന്ത് പ്രകോപനത്തിലാണ് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ചത് എന്ന ചോദ്യമാണ് ഈ സംഭവത്തിൽ വ്യാപകമായി ഉയർന്നിരുന്നത്. കോടതി നിർദേശമുണ്ടായിട്ട് പോലും കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻമാരെ ചോദ്യം ചെയ്യാതിരുന്നതിലും ഏറെ ആക്ഷേപമുയർന്നതാണ്.

## ബി. ജെ. പിക്ക് തിരിച്ചടിയായി മോദിയുടെ അദാനി – അംബാനി പരാമർശം

ഡൽഹി: രാഹുൽ ഗാന്ധിയെ വെല്ലുവിളിക്കാനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ,അദാനി -അംബാനി പരാമർശം ബി.ജെ.പിക്ക് തിരിച്ചടിയായെന്ന് രാഷ്ട്രീയ നിരീക്ഷകർ. ഈ കുത്തകകൾ കോൺഗ്രസിന് പണം നൽകിയെങ്കിൽ, അന്വേഷിക്കാൻ ഇ.ഡിയെ വിടണമെന്നുള്ള രാഹുൽ ഗാന്ധിയുടെ കൗണ്ടർ,മോദിക്ക് കൃത്യമായ രാഷ്ട്രീയ മറുപടി ആയി. വോട്ടെടുപ്പിൻറെ മൂന്ന് ഘട്ടം പിന്നിടുമ്പോൾ, ബി.ജെ.പിയുടെ ശക്തി ചോർന്നു പോകുന്നതിന് തെളിവാണ്,മോദിയുടെ നിലവിട്ട വാക്കുകൾ എന്നും വിലയിരുത്തപ്പെടുന്നു.

തെലങ്കാനയിലെ മോദിയുടെ ഈ പ്രസംഗത്തിനു പ്രത്യേകതയുണ്ട്. അദാനിയുടെയും അംബാനിയുടെയും പേരുകൾ ആദ്യമായി തെരഞ്ഞെടുപ്പ് പ്രസംഗത്തിൽ മോദി ഉപയോഗിച്ചു.

കഴിഞ്ഞ ദിവസം ജാർഖണ്ഡിൽ നടത്തിയ രാഷ്ട്രീയ റാലിയിലും ഏപ്രിൽ 12ന് കോയമ്പത്തൂർ നടത്തിയ സമ്മേളനത്തിലും മോദിയെയും അദാനിയെയും കൂട്ടിക്കെട്ടിയാണ് രാഹുൽ ഗാന്ധി വിമർശിച്ചത്.ഇതൊന്നും കണ്ടില്ലെന്നു നടിച്ചാണ്, അംബാനി-അദാനിമാരെ ക്കുറിച്ച് രാഹുൽ മൗനം പാലിക്കുകയാണെന്ന് മോദി ആരോപിച്ചത്.

വോട്ടിംഗ് ശതമാനം താഴേക്ക് ഇടിയുന്നത്, ബി.ജെ.പിക്ക് തിരിച്ചടി ആണെന്നും അംബാനി, കോൺഗ്രസുമായി അടുക്കുന്നു എന്ന ഡൽഹി അഭ്യൂഹങ്ങളുടെയും പ്രതിഫലനമാണ് മോദിയുടെ വാക്കുകൾ എന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

തൊഴിലില്ലായ്മ,വിലക്കയറ്റം തുടങ്ങിയ വിഷയങ്ങൾ തെരഞ്ഞെടുപ്പ് ചർച്ചയാക്കുന്നതിൽ ഇൻഡ്യ മുന്നണി വിജയിച്ചു.ജനകീയ വിഷയങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാൻ, മോദി മനഃപൂർവം അദാനി -അംബാനി ചർച്ച പൊതുധാരയിലേക്ക് കൊണ്ടുവരികയാണെന്നും വിശ്വസിക്കുന്നവർ ഏറെയാണ്.

## 'കോൺഗ്രസ് ഹിന്ദു വിശ്വാസം ഇല്ലാതാക്കാൻ ശ്രമിക്കുന്നു; വിദ്വേഷ പ്രസംഗം നിർത്താതെ മോദി





ഭോപ്പാൽ: തെരഞ്ഞെടുപ്പ് പ്രചാരണവേദികളിൽ വിദ്വേഷ പ്രസംഗം തുടർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കോൺ?ഗ്രസ് ഹിന്ദു വിശ്വാസം ഇല്ലാതാക്കാൻ ?ഗൂഢാലോചന നടത്തുകയാണെന്ന് മോദി ആരോപിച്ചു. തൊഴിൽ സംവരണത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും കോൺഗ്രസ് നുണകൾ പ്രചരിപ്പിക്കുകയാണെന്നും പ്രധാനമന്ത്രി ആക്ഷേപിച്ചു.മതത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾക്കും തത്വങ്ങൾക്കും എതിരാണെന്നും മോദി പറഞ്ഞു. നിങ്ങളുടെ കാട്ട തട്ടിയെടുത്ത് മുസ്‌ലിംകൾക്ക് നൽകുക എന്നതാണ് കോൺഗ്രസിന്റെ മറഞ്ഞിരിക്കുന്ന അജണ്ടയെന്നും മുന്നിലിരുന്ന അണികളോട് മോദി പറഞ്ഞു. മഹാരാഷ്ട്രയിലെ നന്ദുർബാറിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പ് റാലിയിലാണ് മോദിയുടെ വിവാദ പരാമർശങ്ങൾ.

'കർണാടകയിലെ കോൺഗ്രസ് സർക്കാർ എല്ലാ മുസ്‌ലിംകളെയും ഒറ്റരാത്രികൊണ്ട് മറ്റ് പിന്നാക്ക വിഭാഗ (ഒബിസി) വിഭാഗത്തിൽ ഉൾപ്പെടുത്തുകയും അവർക്ക് സംവരണം നൽകുകയും ചെയ്തു' എന്ന ആരോപണവും മോദി ഉന്നയിച്ചു. ആദിവാസികളുടെ ക്ഷേമത്തെ കുറിച്ച് കോൺ?ഗ്രസ് വേവലാതിപ്പെടുന്നില്ലെന്നും മോദി പറഞ്ഞു. കോൺഗ്രസ് ഹിന്ദു വിരുദ്ധരും മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നവരുമാണെന്ന് ആരോപണം ബിജെപിയും ആവർത്തിച്ചു.

ഒന്നാം ഘട്ട വോട്ടെടുപ്പിന് ശേഷം വിദ്വേഷ പ്രചാരണം ആരംഭിച്ച മോദി, രണ്ടാം ഘട്ടത്തിനു ശേഷം അത് കടുപ്പിക്കുകയായിരുന്നു. മതത്തിന്റെ അടിസ്ഥാനത്തിൽ കായികരംഗത്ത് ന്യൂനപക്ഷങ്ങൾക്ക് മുൻഗണന നൽകാനാണ് കോൺഗ്രസ് ഉദ്ദേശിക്കുന്നതെന്നും ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗങ്ങളെ കോൺഗ്രസ് മതാടിസ്ഥാനത്തിൽ തീരുമാനിക്കുമെന്നും മോദി വ്യാഴാഴ്ച ആരോപിച്ചിരുന്നു. ക്രിക്കറ്റ് ടീമിൽ ആരൊക്കെ തുടരണം, ആരു തുടരരുത് എന്നൊക്കെ മതത്തിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ് തീരുമാനിക്കും- മോദി പറഞ്ഞു. മധ്യപ്രദേശിലെ ധറിൽ ലോക്സഭാ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

കോൺഗ്രസ് കശ്മീരിൽ ആർട്ടിക്കിൾ 370 തിരികെ കൊണ്ടുവരില്ലെന്നും രാമക്ഷേത്രത്തിന് ബാബരി പൂട്ട് ഇടില്ലെന്നും ഉറപ്പാക്കാൻ ബിജെപി നേതൃത്വത്തിലുള്ള എൻഡിഎയ്ക്ക് 400 സീറ്റുകൾ വേണമെന്ന് കഴിഞ്ഞദിവസം മോദി പറഞ്ഞിരുന്നു. താൻ മുസ്‌ലിംകൾക്കും ഇസ്ലാമിനും എതിരല്ലെന്നും അവകാശപ്പെട്ട മോദി, മുസ്‌ലിം സമൂഹം ആത്മപരിശോധന നടത്തുകയും ഭാവിയെക്കുറിച്ച് ചിന്തിക്കുകയും വേണമെന്നും പറഞ്ഞിരുന്നു.

തനിക്കെതിരെ വോട്ട് ജിഹാദ് നടത്താൻ കോൺഗ്രസ് ചിലരോട് ആവശ്യപ്പെടുന്നു എന്ന വിവാദ പ്രസ്താവനയും കഴിഞ്ഞദിവസം മോദി രം?ഗത്തെത്തിയിരുന്നു. ഒരു പ്രത്യേക മതത്തിലുള്ളവരോട് മോദിക്കെതിരെ വോട്ടുചെയ്യാൻ കോൺഗ്രസ് അഭ്യർഥിക്കുന്നു, വോട്ട് ജിഹാദ് അംഗീകരിക്കാനാവില്ലെന്നും മോദി പറഞ്ഞു. മധ്യപ്രദേശിലെ ഖാർഗോണിൽ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.'കോൺഗ്രസിന്റെ രാജകുമാരനെ' പ്രധാനമന്ത്രിയാക്കാൻ പാകിസ്താൻ കിണഞ്ഞു പരിശ്രമിക്കുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞദിവസം പറഞ്ഞിരുന്നു. പേരു പറയാതെ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ ഉന്നംവെച്ചായിരുന്നു മോദിയുടെ പരാമർശം.

## പാലക്കാട് 67 കാരന്റെ മരണം വെസ്റ്റ്നെൽ പനി ബാധിച്ചെന്ന് സംശയം

പാലക്കാട്: പാലക്കാട് കാഞ്ഞിക്കുളം സ്വദേശി 67 കാരനായ സുകുമാരൻ മരിച്ചത് വെസ്റ്റ് നൈൽ ബാധിച്ചാണെന്ന് സംശയം. പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് സുകുമാരന്റെ മരണം. മെയ് 5ന് വീട്ടിൽ വെച്ച് ഛർദ്ദിച്ചതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഇതോടെ വടക്കൻ ജില്ലകളിൽ ആരോഗ്യവകുപ്പ് നിരീക്ഷണം ഏർപ്പെടുത്തി. സംസ്ഥാനത്ത് ഈ മാസം ഏഴ് പേർക്കാണ് വെസ്റ്റ് നൈൽ പനി ബാധിച്ചത്. തൃശൂരിൽ കഴിഞ്ഞ ദിവസം വെസ്റ്റ് ബാധിച്ചുള്ള മരണം സ്ഥിരീകരിച്ചിരുന്നു. കൂടാതെ പണ്ടു പേർ പനിയുടെ ലക്ഷണങ്ങളോടെ ആശുപത്രിയിൽ ചികിത്സയിലാണ്. കോഴിക്കോട്, മലപ്പുറം ജില്ലകളിലും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസർമാർക്ക് ജാഗ്രതാനിർദേശം നൽകിയെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ഐസൊലേഷൻ വാർഡുകൾ നിലവിൽ തുറക്കേണ്ടതില്ലെന്നുമാണ് ആരോഗ്യവകുപ്പ് അധികൃതർ പറയുന്നത്.

## ഹെൽമെറ്റ്എടുത്തതിനെ ചൊല്ലി തർക്കം; തൃശൂരിൽ യുവാക്കളെ ക്രൂരമായി മർദ്ദിക്കുന്ന ദൃശ്യങ്ങൾ പുറത്ത്

തൃശൂർ: തൃശൂർ കൈപ്പമംലം മൂന്നുപീടികയിൽ രണ്ടുയുവാക്കളെ വളഞ്ഞിട്ട് മർദിച്ചു. ഹെൽമെറ്റ് എടുത്തതിനെ ചൊല്ലിയുള്ള തർക്കമാണ് ആക്രമണത്തിന് കാരണമെന്നാണ് നിഗമനം. രേഖാമൂലം പരാതി ലഭിച്ചിട്ടില്ലെങ്കിലും കൈപ്പമംഗലം പൊലീസ് അന്വേഷണം ആരംഭിച്ചു.

ഇന്നലെ വൈകുന്നേരമാണ് മൂന്നുപീടികയിൽ വെച്ച് രണ്ട് യുവാക്കൾക്ക് മറ്റൊരു സംഘത്തിൽ നിന്നും അതിക്രൂരമായ മർദ്ദനമേറ്റത്.

പെരിഞ്ഞനം സ്വദേശികളായ അശ്വിൻ, ജിതിൻ എന്നിവരാണ് മർദ്ദനത്തിന് ഇരയായത്. ആക്രമിച്ച സംഘം യുവാക്കളെ അസഭ്യം പറയുകയും , തലക്കും ശരീരത്തിലും ആഞ്ഞു ചവിട്ടുന്നതും ഇടിക്കുന്നതും ദൃശ്യങ്ങളിൽ ഉണ്ട്. നാട്ടുകാരി ഇടപെട്ടാണ് ആക്രമണത്തിന് ഇരയായവരെ രക്ഷപ്പെടുത്തിയത്.

ഇരുവരും ഇരിങ്ങാലക്കുടയിലെ ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും പരാതി നൽകാതെ സ്ഥലം വിട്ടു. രേഖാമൂലം പരാതി നൽകിയില്ലെങ്കിലും ആക്രമണത്തിൻറെ ദൃശ്യങ്ങൾ പരിശോധിച്ച് അക്രമികൾക്കായുള്ള അന്വേഷണത്തിലാണ് പൊലീസ്.

# മുംബൈ സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി അപേക്ഷാ ക്ഷണിക്കുന്നു

മുംബൈ സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി ഹോളിസ്റ്റിക് ബിഎ, ബിഎസ്സി പ്രോഗ്രാമുകൾക്കും ബിടെക് പ്രോഗ്രാമുകൾക്കുമായി അപേക്ഷാ ക്ഷണിക്കുന്നു.

അക്കാദമിക് മികവിന് പേരുകേട്ട സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി നിലവിൽ ബിബിഎ, ബിഡിഎസ് പ്രോഡക്റ്റ് ഡിസൈൻ, ബിഎ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം (ബിഎഎംസിജെ), ബിഎസ്സി ഐടി, ബിഎസ്സി കമ്പ്യൂട്ടർ സയൻസ്, ബിഎസ്സി ഡാറ്റാ സയൻസ്, ബിഎസ്സി ഇക്കണോമിക്സ് ബിഎസ്സി സൈക്കോളജി, ബിഎസ്സി സ്പോർട്സ് & എക്സർസൈസ് സയൻസ് സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി തുടങ്ങിയ ബിരുദ പ്രോഗ്രാമുകൾക്കുള്ള എൻട്രൻസ് ടെസ്റ്റ് (എസ്വിയുഇടി) അപേക്ഷകൾ സ്വീകരിക്കുന്നു. ഏത് സ്ട്രീമിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി അപേക്ഷിക്കാം. കൂടാതെ, വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ ബി.ടെക് പ്രോഗ്രാമുകൾക്കായും ഇപ്പോൾ അപേക്ഷകൾ ക്ഷണിക്കുന്നു. ബി.ടെക് പ്രോഗ്രാമുകൾക്കുള്ള യോഗ്യത ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (ജെഇഇ) അല്ലെങ്കിൽ മഹാരാഷ്ട്ര സ്റ്റേറ്റ് എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷൻ സ്കോറുകൾ അടിസ്ഥാനമാക്കിയുള്ളതാണ്. ബി.ടെക് പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ ഔദ്യോഗിക വെബ്സൈറ്റ് വഴി സമർപ്പിക്കാം.




"ഞങ്ങളുടെ ബിരുദ പ്രോഗ്രാമുകളെ സമഗ്രമായ വളർച്ചയ്ക്കും ബൗദ്ധിക പര്യവേക്ഷണത്തിനുമുള്ള വഴിയായാണ് ഞാൻ കാണുന്നത്. മികവിനും നവീകരണത്തിനുമുള്ള പ്രതിബദ്ധതയിൽ വേരൂന്നിയ ഈ പ്രോഗ്രാമുകൾ, അന്വേഷണാത്മക മനസ്സുകളെ പരിപോഷിപ്പിക്കുന്നതിനും അവശ്യ കഴിവുകളും ലക്ഷ്യബോധവും വളർത്തുന്നതിനു വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. അവരുടെ കമ്മ്യൂണിറ്റികൾക്കും അതിനപ്പുറവും അർത്ഥവത്തായ സംഭാവനകൾ നൽകിക്കൊണ്ട് ആത്മവിശ്വാസത്തോടെയും സമഗ്രതയോടെയും ലോകത്തിന്റെ സങ്കീർണ്ണതകൾ നാവിഗേറ്റ് ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. സയൻസ് യുജിയിലും പിജിയിലും ഞങ്ങളുടെ സംയോജിത ബിഎസ്-എംഎസ് പ്രോഗ്രാമുകൾ ശാസ്ത്ര വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും ദേശീയ സ്ഥാപനങ്ങളുടെ പ്രോഗ്രാമുകൾക്ക് അനുസൃതമാണ്". എസ്.വി.യു.വിൽ വാഗ്ദാനം ചെയ്ത പ്രോഗ്രാമുകളെക്കുറിച്ചുള്ള തന്റെ ചിന്തകൾ പങ്കുവെച്ചുകൊണ്ട് സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. വി.എൻ.രാജശേഖരൻ പിള്ള പറഞ്ഞു.

2024-2025 അധ്യയന വർഷത്തിൽ 3 സെഷനുകളിലായാണ് ഓൺലൈൻ പ്രൊക്റ്റേർഡ് ടെസ്റ്റ് നടത്തുന്നത്. ആദ്യ സെഷന്റെ സമാപനത്തെത്തുടർന്ന്, യഥാക്രമം മെയ് 19, 2024, ജൂൺ 9, 2024 എന്നിവയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന അടുത്ത രണ്ട് സെഷനുകൾക്കുള്ള അപേക്ഷാ പ്രക്രിയ സർവകലാശാല തുടങ്ങി.

രാവിലെ 10 മുതൽ രാത്രി 11 വരെയാണ് പരീക്ഷാ സമയം. ഉദ്യോഗാർത്ഥികൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് ഈ സെഷനുകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം.

# എയർ ഇന്ത്യയുടെ പ്രവാസികളോടുള്ള ദുഷ്ടലാക്ക് അവസാനിപ്പിക്കണം

തിരു: ദുരുദ്ദേശ്യപരവും അനാവശ്യ പെരുമാറ്റമൂലവും കൊണ്ട് ഗുരുതരമായ

തലത്തിൽ വിമാന സർവ്വീസുകൾ റദ്ദാക്കി പ്രവാസികളോട് അനുവർത്തിച്ചുവരുന്ന ദുഷ്ടലാക്കോട് കൂടിയുള്ള എയർ ഇന്ത്യയുടെ അനീതികൾ അവസാനിപ്പിക്കണമെന്നു എൻ.ആർ.ഐ കൗൺസിൽ ഓഫ് ഇന്ത്യ, പ്രവാസി ഭാരതീയ ഫോറം, പ്രവാസി പെൻഷൻഹോൾഡേഴ്സ് അസ്സോസിയേഷൻ എന്നീ സംഘടനകൾ സംയുക്തമായി കേന്ദ്ര സർക്കാരിനോടും എയർ ഇന്ത്യ കമ്പനിയോടും ശക്തമായി ആവശ്യപ്പെട്ടു.

ഉദ്യോഗസ്ഥർ തമ്മിലുണ്ടാക്കുന്ന പടല പിണക്കങ്ങളും സമരങ്ങളും വിമാനസർവ്വീസുകളെ ബാധിക്കുന്ന തരത്തിൽ ഉണ്ടാക്കിയെടുക്കുന്ന പ്രവണത പ്രവാസി സമൂഹത്തിനെ കാലാകാലങ്ങളിൽ ഓരോ കാരണത്താൽ ദുരിത കയത്തിലാഴ്ത്തിയിട്ടചരിത്രങ്ങളാണുള്ളതെന്നു സംഘടനകൾ കുറ്റപ്പെടുത്തി. മിന്നൽ വേഗത്തിൽ സർവ്വീസുകൾ റദ്ദാക്കുന്നതിന് അടിയന്തിരാവസ്ഥകളൊന്നും രാജ്യത്ത് നിലവിലില്ല. ഇത് രാജ്യദ്രോഹമാണ്. പ്രവാസികളോട് കാണിക്കുന്ന കടുത്ത വഞ്ചനയാണ്. ആഭ്യന്തര - അന്തർദേശീയ സർവീസുകൾ മുന്നറിയിപ്പില്ലാതെ റദ്ദാക്കുന്നത് രാജ്യദ്രോഹമാണെന്നും അനുവദിക്കപ്പെട്ട അവധി തീർന്നു തിരിച്ചു പോകാൻ കഴിയാത്തവർക്ക് നഷ്ടപരിഹാരം നൽകണമെന്നും കേരളത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ യാത്രയ്ക്കെത്തി കുടുങ്ങി കിടക്കുന്നവർക്ക് നീതിയും സമാധാനവും സുരക്ഷിതത്വവും നൽകാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നു സംഘടനകളുടെ സംസ്ഥാന ഭാരവാഹികളായ പ്രവാസി ബന്ധു ഡോ . എസ്. അഹമ്മദ്, കെ.എൻ.എ അമീർ, ആലു കെ മുഹമ്മദ്, മുരുകൻ കുട്ടി, പാലക്കാട് ഹരിദാസ്,ഷാഫി കൊടുങ്ങല്ലൂർ, ലൈജു ജെ.എസ്എന്നിവർ ആവശ്യപ്പെട്ടു.സമാന ചിന്താഗതിയോടെ പ്രവർത്തിക്കുന്ന സംഘടനകൾ ഒറ്റക്കെട്ടായി നിന്ന് എയർ ഇന്ത്യയ്ക്കെതിരെ ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് നേതൃത്വം നൽകണമെന്നും അവർ ആവശ്യപ്പെട്ടു

# പീപ്പിൾസ് ഫൗണ്ടേഷൻ യൂത്ത് എംപവർമെൻറ് പ്രോഗ്രാം സംസ്ഥാനതല ഉദ്ഘാടനം നാളെ

മലപ്പുറം: യുവശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം എന്ന ക്യാപ്ഷനിൽ പീപ്പിൾസ് ഫൗണ്ടേഷൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന യൂത്ത് എംപവർമെൻറ് പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ മലപ്പുറത്ത് വെച്ച് നടക്കും.

മലപ്പുറം മലബാർ ഹസ്സിൽ വെച്ച് നടക്കുന്ന പ്രോഗ്രാമിൽ സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് സംസ്ഥാന പ്രസിഡൻറ് ഷുഹൈബ് സി ടി, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുൻ ഡയറക്ടർ ഡോ എ ബി മൊയ്തീൻ കുട്ടി എന്നിവർ മുഖ്യാതിഥികളായിരിക്കും. നേതൃ പാടവം, ഉന്നതവിദ്യാഭ്യാസം, സംരംഭകത്വ വികസനം, സർക്കാർ മേഖലയിലെ തൊഴിലവസരങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ ജലാൽ അഹമ്മദ്, കെ പി ലുഖ്മാൻ, ഡോ വി എം നിഷാദ്, അനീസ് പി കെ,ഷെബിൻ വി ഉസ്മാൻ എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകും. വിവിധ പ്രദേശങ്ങളിൽ യൂത്ത് എംപവർമെൻറ് പ്രോഗ്രാമുമായി സഹകരിക്കാൻ താല്പര്യമുള്ള എൻ.ജി.ഒ കൾ, മഹല്ലുകൾ, പ്രാദേശിക ക്ലബുകൾ, യുവജന കൂട്ടായ്മകൾ എന്നിവക്ക് ഫൗണ്ടേഷനെ സമീപിക്കാവുന്നതാണ്. ഫോൺ : 7736501088.



# രാമകൃഷ്ണ മിഷൻ സ്കൂളിന്റെ പൃഥ്വി റൂട്ട്സിന് യന്ത്രവാൾ കൈമാറി




രാക്ഷസ കൊന്ന നീക്കം ചെയ്യാൻ മുത്തങ്ങ കാട്ടിലേയ്ക്ക് പോകുന്ന പൃഥ്വി റൂട്സ് പ്രതിനിധികൾക്ക് ദർശനം ഗ്രന്ഥശാല സംഭാവനചെയ്യുന്ന യന്ത്രവാൾ ചെയർമാൻ കെ കുഞ്ഞാലി സഹീർ കൈമാറുന്നു

കോഴിക്കോട് : മനുഷ്യ-മൃഗ സംഘർഷത്തിന് ഇടയാക്കുന്ന വനത്തിനുള്ളിലെ അധിനിവേശ വൃക്ഷം 'രാക്ഷസ കൊന്ന ' ശാസ്ത്രീയമായി മുറിച്ചു നീക്കുന്നതിന് ശ്രമദാനത്തിനിറങ്ങുകയാണ് കോഴിക്കോട് രാമകൃഷ്ണ മിഷൻ ഹൈസ്കൂളിലെ പൂർവ വിദ്യാർത്ഥി സംഘടന പൃഥ്വി റൂട്സ്. വനവിസ്തൃതി കൂട്ടുന്നതിന് വനം വകുപ്പ് വച്ചുപിടിപ്പിച്ച കൊന്ന വർഗ്ഗത്തിൽ പെട്ട ഈ വൃക്ഷം വളർന്നതോടുകൂടി സ്വാഭാവിക അടിക്കാടുകൾ ആകെ നശിപ്പിക്കപ്പെട്ടു. മുള, ഈറ്റ ,പുൽവർഗ്ഗങ്ങൾ നശിച്ചതോടെ ആനകൾ,മാനുകൾ, കാട്ടുപോത്തുകൾ കൂട്ടത്തോടെ ജനവാസ മേഖലയിലെ കൃഷി ഇടങ്ങളിലേയ്ക്ക് വന്നു തുടങ്ങി. കടുവ, പുലി തുടങ്ങിയ മാംസഭുക്കുകൾ അവയുടെ തീറ്റ അന്വേഷിച്ച് കാട്ടിൽ നിന്ന് നാട്ടിലേയ്ക്കുമിറങ്ങി. അതിവേഗം പടർന്നു വളരുന്ന ഈ വൃക്ഷത്തിന്റെ വ്യാപനം തടയുന്നതിനുള്ള ശാസ്ത്രീയ പരിഹാരം തേടിയുള്ള അന്വേഷണത്തിന്റെ ഭാഗമാകാൻ പീച്ചിയിലെ വന ഗവേഷണ കേന്ദ്രം, കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് & മാനേജ്മെന്റ് (ഗടഇടാളു ഇണഞളഉ) തുടങ്ങിയവർ രംഗത്തുണ്ട്. വനത്തിനുള്ളിലെ സ്വാഭാവിക ജലസ്രോതസ്സുളും അന്യം നിൽക്കുന്നതിന് ഈ രാക്ഷസ കൊന്നയുടെ വ്യാപനം കാരണമാകുന്നു. അവശേഷിക്കുന്ന തൊലിയിൽ നിന്ന് പോലും പുതിയ തൈകൾ വളരുന്നു എന്ന കണ്ടെത്തലിന് കൂടി പരിഹാരം തേടിയാണ് പൃഥ്വി റൂട്സ് ശ്രമദാനത്തിന് ഇറങ്ങുന്നത്. ഈ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമാകാൻ കാളാണ്ടിത്താഴം ദർശനം സാംസ്കാരികവേദി ഗ്രന്ഥശാല യന്ത്രവാൾ സമ്മാനിച്ചു. ഗ്രന്ഥശാല എം എൻ സത്യാർത്ഥി ഹാളിൽ ദർശനം ചെയർമാൻ കെ കുഞ്ഞാലിസഹീറിൽ നിന്ന് പൃഥ്വി റൂട്ട്സ് പ്രതിനിധികളായ പി വി മഹേഷ്, കെ പ്രണവ്, പി അഭിജിത്ത് എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. പറമ്പിക്കുളം ടൈഗർ റിസർവ് മുൻ റേഞ്ച് ഫോറസ്റ്റ് ഓഫീസർ നമ്പ്യാലത്ത് ബാബു മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ കാരണങ്ങളെക്കുറിച്ച് ക്ലാസ് എടുത്തു. ദർശനം പ്രതിനിധികളായ പി ടി സന്തോഷ്കുമാർ, സി എച്ച് സജീവ് കുമാർ, പി ദീപേഷ് കുമാർ, ഇ സോമൻ , ദർശനം കാർഷികവേദി കൺവീനർ ബെന്നി അലക്സാണ്ഡർ , ലൈബ്രേറിയൻമാരായ വി വിലാസിനി, വി ജൂലൈന എന്നിവർ ആശംസ നേർന്നു. സെക്രട്ടറി എം എ ജോൺസൺ സ്വാഗതവും പി വി മഹേഷ് നന്ദിയും പറഞ്ഞു.

# ചെലവൂർ ഉസ്താദ് സി. എം. എം ഗുരുക്കൾ 20മത് അനുസ്മരണ ദിനാചരണവും അവാർഡ് ദാനവും

ചെലവൂർ ഉസ്താദ് സി. എം. എം ഗുരുക്കൾ 20മത് അനുസ്മര ദിനാചരണവും അവാർഡ് ദാനവും ചെലവൂർ ഷാഫി ദവാഖാന അങ്കണത്തിൽ 6.5.2024 തിങ്കളാഴ്ച രാവിലെ 11 മണിക്ക് പൊഫസർ ബീന ഫിലിപ്പ് (മേയർ കോഴിക്കോട് കോർപ്പറേഷൻ) ഉദ്ഘാടനം നിർവ്വഹിച്ചു.

മുഖ്യ അതിഥിയായി പങ്കെടുത്ത ഡോ.എം. കെ മുനീർ എം എൽ എ , ഡോ. മാത്യുസ് വേപ്പിള്ളിക്ക് ഭിഷക് പ്രതിഭ അവാർഡും , ശ്രീ.സത്യ നാരായണൻ ഗുരുക്കൾക്ക് ആയോധന പ്രതിഭ അവാർഡും സമർപ്പിച്ചു. സുപ്രഭാതം മാനേജിംഗ് എഡിറ്റർ ശ്രീ. ടി.പി ചെറൂപ്പ അനുസ്മരണ പ്രഭാഷണം നടത്തി , വിദ്യ പ്രതിഭ, കളരി വിദ്യാർത്ഥി പ്രതിഭ അവാർഡുകൾ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി സമർപ്പിച്ചു. വിദ്യ പ്രതിഭ സീനിയർ ഒന്നാം സ്ഥാനം ഡോ.പങ്കജ് ശർമ്മ, രണ്ടാം സ്ഥാനം ഡോ. മിത്ര .വിദ്യ പ്രതിഭ ജൂനിയർ ഒന്നാം സ്ഥാനം ഡോ. ലക്ഷമി പ്രിയ രണ്ടാം സ്ഥാനം ഡോ. അനുഷ, കളരി വിദ്യാർത്ഥി പ്രതിഭ മൂസ്സ മെഹർബാൻ, കുമാരി ലക്ഷമിനന്ദ എന്നിവർ ഏറ്റുവാങ്ങി. കളരിപ്പയറ്റ് നാഷണൽ ഗെയിംസിൽ മെഡൽ നേടിയ വിദ്യാർത്ഥികളെ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ .രാജഗോപാൽ ആദരിച്ചു. ഷാഫിദവാഖാന സ്റ്റാഫിനുള്ള അവാർഡ് വിതരണം ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ വിതരണം ചെയ്തു. ഔഷധ സസ്യ ഉദ്യാന സമർപ്പണം ഡോ. ഡി. രാമനാദൻ (ജനറൽ സെക്രട്ടറി ആാിശ) മായനാട് സ്ക്കൂൾ ടീച്ചർ പ്രീതക്ക് നൽകി നിർവ്വഹിച്ചു.

അഡ്വ. സി.എം ജംഷീർ (കൗൺസിലർ) ശ്രീ.എം. കെ രാജഗോപാൽ (പ്രസിഡന്റ കളരിപ്പയറ്റ് അസോസിയേഷൻ) ഡോ. മനോജ് കാളൂർ ഡോ. നജീബ് എന്നിവർ ആശംസ പ്രസംഗം നടത്തി. ഡോ. മാത്യൂസ് വേപ്പിള്ളി, സത്യ നാരായണൻ ഗുരുക്കൾ എന്നിവർ മറുപടി പ്രസംഗം നടത്തി. ഷാഫിദവാഖാന ജനറൽ മാനേജർ എ.മൂസ ഹാജി അദ്യക്ഷത വഹിച്ച ചടങ്ങിൽ ആമിന ബെഹറാൻ പ്രാർത്ഥനയും , ഷാഫി ദവാ ഖാന ചെയർമാൻ & ചീഫ് ഫിസിഷ്യൻ ഡോ.സഹീർ അലി സ്വാഗതവും ഡോ ജോർജ് വി ജോസഫ് നന്ദിയും പറഞ്ഞു. പരിപാടിയോടനുബന്ധിച്ച് ചുരക്കൊടി കളരി വിദ്യാർത്ഥികളുടെ കളരിപ്രദർശനവും നടന്നു.

# വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വെബിനാർ നടത്തുന്നു

കോഴിക്കോട്: സാംസ്കാരിക സംഘടനയായ 'സംസ്കാരവേദി' ഹയർസെക്കൻഡറി പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വെബിനാർ നടത്തുന്നു.

കേരളത്തിൽ പുതുതായി ആരംഭിക്കുന്ന നാലുവർഷ ബിരുദ കോഴ്സ്, വിദേശത്തും സ്വദേശത്തും ഉള്ള ഉപരിപഠന സാധ്യതകൾ, വിദേശത്തും സ്വദേശത്തും ഉള്ള തൊഴിൽ സാധ്യതകൾ തുടങ്ങിയവയെല്ലാം വെബിനാറിൽ ചർച്ച ചെയ്യും. മെയ് 15 ബുധനാഴ്ച വൈകുന്നേരം ആറുമണിക്ക് നടക്കുന്ന വെബിനാറിലേക്ക് പ്രവേശനം സൗജന്യമാണ്. യു എസ് എ, ജർമ്മനി, യുഎഇ, ന്യൂസിലാൻഡ്, സ്വിറ്റ്സർലാൻഡ്, യു കെ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രഗൽഭർ സെഷനുകൾ കൈകാര്യം ചെയ്യും.

വെബിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്ക് വെബിനാറിന്റെ കോ -ഓർഡിനേറ്റർ ആയ വടയക്കണ്ടി നാരായണന്റെ 9447262801 എന്ന നമ്പറിൽ വിളിച്ചോ വാട്സ്ആപ്പ് ചെയ്തോ പേരുകൾ രജിസ്റ്റർ ചെയ്യാം.

# എആർഎംസി ഐവിഎഫ് ഫെർട്ടിലിറ്റി ക്ലിനിക്കുകൾ ബിർള ഫെർട്ടിലിറ്റി & ഐ. വി. എഫ് ഏറ്റെടുക്കുന്നു

## മുതൽമുടക്ക് 500 കോടിയിലധികം; ക്ലിനിക്കുകളുടെഎണ്ണം 100 ആയി വർദ്ധിപ്പിക്കും

ന്യൂഡൽഹി: രാജ്യത്തെ വന്ധ്യതാ നിവാരണ ചികിത്സാ രംഗത്തെ പ്രമുഖരായ ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് ദക്ഷിണേന്ത്യയിലെ പ്രമുഖ എആർഎംസി ഐവിഎഫ് ഫെർട്ടിലിറ്റിക്ലിനിക് ശൃംഖലയുടെ മുഖ്യ ഓഹരികൾ ഏറ്റെടുക്കുന്നു. 2.9 ബില്യൺ യു.എസ് ഡോളർ വരുമാനമുള്ള സി.കെ.ബിർള ഗ്രൂപ്പിന്റെ ഭാഗമായ ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് 500 കോടിയിലധികം രൂപ മുടക്കിയാണ് ക്ലിനിക്കുകളുടെ ശൃംഖല വ്യാപിക്കുന്നത്. നിലവിൽ 30 സെന്ററുകൾ ഉള്ള സ്ഥാപനം കേരളം, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്ക് കൂടി സാന്നിധ്യം ഉറപ്പിക്കുവാനുള്ള പദ്ധതിയാണ് ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് ലക്ഷ്യമിടുന്നത്. ഇതോടെ ബിർള ഫെർട്ടിലിറ്റി &ഐ.വി.എഫ് സെന്റർ 37 ആയി വർദ്ധിക്കും.

ഇതുവഴി രാജ്യത്തെ നിരവധി ദമ്പതികൾക്ക് അവരുടെ വന്ധ്യതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാവും.

അരനൂറ്റാണ്ടിലെറെക്കാലമായി രാജ്യത്തെ ജനങ്ങൾക്ക് ഉയർന്ന നിലവാരമുള്ള ആരോഗ്യ പരിരക്ഷ നൽകുന്ന സി.കെ ബിർള ഗ്രൂപ്പിന് കൊൽക്കത്ത, ജയ്പൂർ, ഗുരുഗ്രാം, ഡൽഹി എന്നിവിടങ്ങളിൽ ഉയർന്ന സാങ്കേതിക സംവിധാനങ്ങളും മികച്ച സൗകര്യങ്ങളുമുള്ള ആശുപത്രികളുണ്ട്. മൂന്ന് വർഷക്കാലം കൊണ്ടാണ് വന്ധ്യതാ നിവാരണ ചികിത്സാരംഗത്ത് ഇന്ത്യയിലെ അതിവേഗം വളരുന്ന 'ഫെർട്ടിലിറ്റി കെയർ ബ്രാൻഡായി ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് ഉയർന്നത്.

വന്ധ്യതാ നിവാരണ രംഗത്ത് ഗവേഷണങ്ങൾ നടത്തുകയും അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും വഴി പ്രശസ്തിയാർജിച്ച ബിർള ഫെർട്ടിലിറ്റി ഗ്രൂപ്പ് ഈ രംഗത്ത് അന്തർദേശീയ നിലവാരത്തിലുള്ള ചികിത്സ സൗകര്യങ്ങളും വിജയ നിരക്കും ദമ്പതികളിലേക്ക് എത്തിക്കുന്നതിൽ മുൻപന്തിയിലാണ്.

2009ൽ രാജ്യത്തെ പ്രമുഖ വന്ധ്യതാ ചികിത്സാ വിദഗ്ദനായ ഡോ. കുഞ്ഞിമൊയ്തീന്റെ നേതൃത്വത്തിൽ ആരംഭിച്ച എആർഎംസി ഐവിഎഫ് വന്ധ്യതാ ചികിത്സ ശൃംഖല ദക്ഷിണേന്ത്യയിലെ ഏഴു വിവിധ നഗരങ്ങളിലായി ആയിരക്കണക്കിന് ദമ്പതികൾക്ക് കുഞ്ഞുങ്ങളുണ്ടാകുവാൻ കാരണമായിട്ടുണ്ട്. എല്ലാ




വന്ധ്യതാ നിവാരണ വിദഗ്ധരും ആൻഡ്രോളജിസ്റ്റുകളും കൗൺസിലർമാരും ചേർന്ന ഒരു മൾട്ടി-ഡിസിപ്ലിനറി സമീപനത്തിൽ തങ്ങൾ വിശ്വസിക്കുന്നുണ്ടെന്നും മികച്ച ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനും കാൻസർ രോഗികൾക്കുള്ള അണ്ഡാശയ കോശങ്ങൾ മരവിപ്പിക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ വിദഗ്ധരായവരെ പങ്കാളികളാക്കുന്നതിൽ സമഗ്ര സമീപനമുണ്ടെന്നും ഏറ്റെടുക്കൽ പദ്ധതിയുടെ ഭാഗമായി നടന്ന ചടങ്ങിൽ സി.കെ ബിർള ഹെൽത്ത് കെയർ സ്ഥാപക അവന്തിബിർള പറഞ്ഞു. ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് നൽകുന്ന 'ഓൾഹാർട്ട്, ഓൾസയൻസ്'എന്ന ആശയത്തിലൂടെ ഗർഭധാരണ സംബന്ധിയായ ശാസ്ത്രത്തിന്റെ സമഗ്രമായ പരിചരണം ചികിത്സ തേടുന്നവർക്ക് നൽകുക എന്നതാണ്. ഈ പദ്ധതിയിലൂടെ പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട ചികിത്സയിൽ ലോകത്തിലെ ഏറ്റവും വിശ്വസനീയവും പ്രശസ്തവുമായ സ്ഥാപനം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടിലേക്ക് ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് കൂടുതൽ അടുക്കുകയാണെന്ന് സി.കെ. ബിർള ഹെൽത്ത് കെയർ വൈസ് ചെയർമാൻ അക്ഷത് സേത്ത് പറഞ്ഞു.

വന്ധ്യതാ നിവാരണ ചികിത്സയുമായി ബന്ധപ്പെട്ട അന്തർദേശീയ മാനദണ്ഡങ്ങൾ പാലിക്കുന്ന വിപുലമായ ചികിത്സകൾ നൽകുന്നതിന് ബി.എഫ്.ഐയുടെ ആഗോള വൈദഗ്ധ്യം, അത്യാധുനിക ഉപകരണങ്ങൾ, മികച്ച വിജയ നിരക്ക് എന്നിവ പ്രയോജനപ്പെടുത്തുമെന്ന് ബിർള ഫെർട്ടിലിറ്റി & ഐ.വി.എഫ് ചീഫ് ബിസിനസ് ഓഫീസർ അഭിഷേക് അഗർവാൾ പറഞ്ഞു. ഐ.വി.എഫിന് പുറമെ പുരുഷ വന്ധ്യതാ ചികിത്സ, ലാപ്രോസ്കോപ്പിക് സേവനങ്ങൾ, ജനിതക സ്ക്രീനിംഗ്, രോഗനിർണ്ണയം, അണ്ഡ-ബീജ ദാതാക്കളുടെ സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള സമഗ്രമായ സേവനങ്ങൾ ലഭ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. ഏറ്റെടുക്കലിന് ശേഷവും ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഡോ. കെ.യു. കുഞ്ഞിമൊയ്തീനും സംഘവും ഉൾപ്പെടെ നിലവിലുള്ള എ.ആർ.എം.സി ടീം മേൽനോട്ടം വഹിക്കുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

ജീവിത ശൈലിയിലെ മാറ്റങ്ങളും പരിസ്ഥിതി മലിനീകരണവും വിവാഹപ്രായത്തിൽവന്ന മാറ്റങ്ങളും കാരണം 28 ദശലക്ഷത്തിലധികം ദമ്പതികൾ ഇന്ത്യയിൽ വന്ധ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും ഒരു ശതമാനത്തിൽ താഴെയുള്ളവർ മാത്രമാണ് ചികിത്സ തേടുന്നത്. ഈ സാഹചര്യത്തിൽ രാജ്യവ്യാപകമായി ഇതു സംബന്ധിച്ച ഉയർന്ന അവബോധവും മികച്ച ചികിത്സാ സൗകര്യങ്ങൾ തേടാനുള്ള സംവിധാനങ്ങളും സൃഷ്ടിക്കേണ്ടതുണ്ടെന്ന് അവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ സി.കെ.ബിർള ഹെൽത്ത് കെയർ വൈസ്ചെയർമാൻ അക്ഷത് സേത്ത്, ചീഫ് ബിസിനസ് ഓഫീസർ, അഭിഷേക് അഗർവാൾ, ഡോ.കെ.യു.കുഞ്ഞുമൊയ്തീൻ പങ്കെടുത്തു.



അപകടത്തിൽപെട്ട ബൈക്ക്

# നിയന്ത്രണംവിട്ട ബൈക്ക് വീട്ടിലേക്ക് ഇടിച്ചുകയറി അപകടം; വിദ്യാർഥി മരിച്ചു

കോഴിക്കോട്: കോഴിക്കോട് ബിലാത്തിക്കുളത്ത് നിയന്ത്രണംവിട്ട ബൈക്ക് വീട്ടിലേക്ക് ഇടിച്ചുകയറി വിദ്യാർഥി മരിച്ചു. വെസ്റ്റ്ഹിൽ ഗവ. എൻജിനീയറിങ് കോളജിലെ അപ്ലൈഡ് ഇലക്ട്രോണിക്സ് മൂന്നാംവർഷ വിദ്യാർഥി എറണാകുളം ചെല്ലാനം മാവുങ്കൽപറമ്പ് ശിവദാസിന്റെ മകൻ അനുരൂപ് (21) ആണ് മരിച്ചത്.പുലർച്ചെ മൂന്നരയോടെയാണ് അപകടം. വിദ്യാർഥികൾ ഹോസ്റ്റലിൽനിന്ന് റെയിൽവേ സ്റ്റേഷനിലേക്ക് പോകുമ്പോഴാണ് അപകടം ഉണ്ടായത്. അനുരൂപ് സംഭവ സ്ഥലത്തുതന്നെ മരിച്ചു. കൂടെയുണ്ടായിരുന്ന കോട്ടയം സ്വദേശി ഇജാസ് ഇഖ്ബാലിനെ (22) ഗുരുതര പരുക്കുകളോടെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ഇന്നത്തെ ഗാന്ധി ചിന്ത

### കാരുണ്യം



കെപി മനോജ് മാസ്റ്റർ

കാരുണ്യമാണ് ജീവിതത്തിന്റെ നിയമം. ഒരു ജീവിത ദർശനത്തിൽ കാരുണ്യത്തിന്റെ സാധ്യതകൾ എത്രമാത്രമുണ്ടോയെന്നതാണ്, അതിലെത്രത്തോളം ആത്മീയ സത്ത ഉണ്ടെന്നറിയാനുള്ള വഴി.'ധാർമിക രീതിയുടെ മൂലം കാരുണ്യത്തിലാണ് .- എല്ലാവരെയും പഠിപ്പിക്കേണ്ട പ്രഥമ തത്ത്വവും അതാകുന്നു .ഈ കാരുണ്യം ഗാന്ധി ബുദ്ധ നിൽ തിരിച്ചറിഞ്ഞു.' ഗൗതമന്റെ കാരുണ്യം ശ്രദ്ധിക്കൂ. - അത് മനുഷ്യരാശിയിൽ ഒതുങ്ങി നിൽക്കുന്നില്ല: ജീവനുള്ള എല്ലാറ്റിലേക്കും അത് വേരോടിയിരുന്നു. ബുദ്ധന്റെ തോളിൽ ഇരിക്കുന്ന ആ ചിത്രം കാണുമ്പോൾ ആരുടെ ഹൃദയമാണ് അണപൊട്ടിയൊഴുകാത്തത്?'

# റഫയിലെ ആശുപത്രികൾ ഒഴിയുന്നു; ചികിത്സക്ക് വഴിയില്ല, രോഗികളെയും ജീവനക്കാരെയും പുറത്താക്കി ഇസ്രായേൽ

റഫയിലുടനീളമുള്ള ആശുപത്രികളിൽ നിന്ന് രോഗികളെയും ആരോഗ്യപ്രവർത്തകരെയും നിർബന്ധിച്ച് പുറത്താക്കുകയാണ് സൈന്യം. പതിനായിരക്കണക്കിന് ഫലസ്തീനികൾ ഇതിനോടകം റഫയിൽ നിന്ന് പലായനം ചെയ്തു. ആയിരക്കണക്കിന് ആളുകൾ പുറത്തുകടക്കാനുള്ള ശ്രമം തുടരുകയാണ്. മതിയായ സാമ്പത്തികം ഇല്ലാത്തതും താമസസ്ഥലത്തെ അനിശ്ചിതത്വവുമാണ് പലരെയും പിന്തിരിപ്പിക്കുന്നത്.

റഫയിലുടനീളമുള്ള ആശുപത്രികളിൽ ചികിത്സിക്കാൻ യാതൊരു മാർഗവുമില്ല. രോഗികളും ജീവനക്കാരും ആശുപത്രികൾ വിടുകയാണ്. ഗുരുതരമായി പരിക്കേറ്റ നിരവധി ഫലസ്തീനികളാണ് ഇവിടെയുള്ളത്. ഇവർക്ക് കിടക്കാൻ കിടക്കകളോ ജീവൻരക്ഷാ മരുന്നുകളോ പോലുമില്ല. ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളെ മാറ്റാൻ മറ്റൊരു ആശുപത്രി നിലവിലില്ലെന്ന് പലസ്തീൻ ഡോക്ടർ മുഹമ്മദ് സഔട്ട് പറഞ്ഞു.അൽ-നജ്ജാർ ഹോസ്പറ്റലിൽ എല്ലാം അവസാനിച്ചു കഴിഞ്ഞു. റഫയിലെ കുവൈറ്റ് ഹോസ്പിറ്റൽ അത്യാഹിതങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണ്.



റഫ അതിർത്തിയിൽ ഇസ്രായേൽ സൈന്യം നിയന്ത്രണം ഏറ്റെടുത്തതിന് പിന്നാലെ കഴിഞ്ഞ മൂന്ന് ദിവസമായി ഗസ്സയിലേക്കുള്ള സഹായം നിർത്തിവെച്ചിരിക്കുകയാണ്. പട്ടിണി അതിരൂക്ഷമാം വിധം പടിമുറുക്കിക്കഴിഞ്ഞു. ആവശ്യമായ മാനുഷിക സഹായം പോലും ഇസ്രായേൽ കടത്തിവിടുന്നില്ല. സൈന്യത്തിന് പുറമെ ഇസ്രായേലികളും ദുരിതത്തിന് ആക്കം കൂട്ടുകയാണ്. ഗസ്സയിലേക്ക് സഹായമെത്തുന്ന വഴികളെല്ലാം അടക്കുകയാണവർ. ഗസ്സയിലേക്ക് പ്രവേശിക്കുന്നതിനുള്ള സഹായത്തിനുള്ള പ്രധാന ക്രോസിംഗ് റഫയാണെങ്കിലും ഇസ്രായേൽ കുടിയേറ്റക്കാരുടെ പ്രകടനങ്ങൾ കരേം അബു സലേം (കെരെം ശാലോം) ക്രോസിംഗിന് സമീപത്തും എത്തി. ജീവൻ രക്ഷാ സാമഗ്രികളുമായി എത്തിയ ട്രക്കുകൾ ഗസ്സയിലേക്ക് കടക്കുന്നത് ഇവർ തടയുകയാണുണ്ടായത്.

ഹമാസ് ആക്രമണത്തിന് ശേഷം കരേം അബു സലേം ബുധനാഴ്ചയാണ് വീണ്ടും തുറന്നത്. എന്നാൽ, ഇസ്രായേൽ സൈന്യത്തിന്റെ നിരന്തരമായ ആക്രമണങ്ങൾ കാരണം ഒരു ഫലസ്തീനിക്ക് പോലും അതിർത്തി കടക്കുക സാധ്യമല്ലെന്ന് യുഎൻ പറയുന്നു. ജോർദാൻ ഗസ്സയിലേക്ക് സഹായ ട്രക്കുകൾ അയച്ചിട്ടുണ്ട്. ഇവയിൽ ചിലത് ഇസ്രായേലി പ്രതിഷേധക്കാർ ആക്രമിച്ചു. ആക്രമണത്തെ അപലപിച്ച ജോർദാൻ വിദേശകാര്യമന്ത്രാലയം ഗസ്സയിലെ ജനങ്ങൾക്ക് വേഗത്തിൽ സഹായം എത്തിക്കുന്നത് ഇസ്രായേൽ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

ഈ ആഴ്ച നടന്ന വെടിനിർത്തൽ ചർച്ചകളിൽ 12 ആഴ്ചയെങ്കിലും ആക്രമണം നിർത്തിവെക്കണമെന്നാണ് ഹമാസ് മുന്നോട്ടുവെച്ച ആവശ്യം. ഈ കരാർ ഇസ്രായേൽ അംഗീകരിച്ചിട്ടില്ല. ഇരു പാർട്ടികളുടെയും പ്രതിനിധികൾ ഈജിപ്ത് വിട്ടു.

ഹമാസിന്റെ ആവശ്യം അംഗീകരിക്കില്ലെന്ന് അറിയിച്ച ഇസ്രായേൽ ഉദ്യോഗസ്ഥർ റഫയിൽ ആക്രമണം തുടരുമെന്ന സൂചനയും നൽകിയിട്ടുണ്ട്.

പതിനായിരക്കണക്കിന് ആളുകൾ റഫയിൽ നിന്ന് മറ്റൊരിടം തേടി പലായനം ചെയ്യുകയാണ്. ഈ ആഴ്ച റഫയിൽ നിന്ന് പലായനം ചെയ്ത പതിനായിരക്കണക്കിന് ഫലസ്തീനികളിൽ ഒരാളാണ് ലൈല അൽ-കഫർണ. യുദ്ധകാലത്ത് അവളുടെ കുടുംബം ആറാമത്തെ തവണയാണ് പലായനം ചെയ്യുന്നത്. 'ഞങ്ങൾ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

കൈക്കുഞ്ഞിനെ കാണിച്ചുകൊണ്ട് ലൈല പറയുന്നു. യുദ്ധകാലത്താണ് ഈ കുഞ്ഞ് ജനിച്ചത്. എന്താണ് ഇവൾ ചെയ്ത തെറ്റ്; ലൈല ചോദിക്കുന്നു.ഗസ്സ സിറ്റിയിൽ നിന്ന് തെക്കോട്ട് പോകാൻ പറഞ്ഞു. അതിനുശേഷം ഖാൻ യൂനിസിലേക്ക് പായിച്ചു. പിന്നീട് നുസൈറാത്തിലെ അഭയാർത്ഥി ക്യാമ്പിൽ എത്തി. നുസൈറാത്തിന് ശേഷം ഡീർ എൽ-ബാലയിലേക്ക്. ശേഷം റഫയിൽ.. ഇപ്പോൾ ഇവിടെ നിന്നിനി എങ്ങോട്ടാണ് പോകേണ്ടതെന്ന് അറിയില്ല. സുരക്ഷിതമാണെന്ന് പറഞ്ഞ് ഇസ്രായേൽ ആട്ടിപ്പായിച്ച് കൊണ്ടുവരുന്ന ഒരു സ്ഥലവും സുരക്ഷിതമല്ലെന്നും ലൈല പറഞ്ഞു.

അതേസമയം, യുഎസുമായുള്ള വർദ്ധിച്ചുവരുന്ന പിരിമുറുക്കത്തിനിടയിൽ റഫയിലെ ജനസംഖ്യ മുൻനിർത്തി ഇസ്രായേൽ വിലപേശുകയാണെന്ന് ഇസ്രായേൽ രാഷ്ട്രീയ നിരൂപകനായ ഒറി ഗോൾഡ്ബെർഗ് പറയുന്നു. റഫയിലെ ഫലസ്തീനികൾ ഇസ്രായേലും അമേരിക്കയും തമ്മിലുള്ള കളിയിലെ പണയക്കാരായി മാറിയിരിക്കുന്നു. ഭയാനകമായ കാര്യമാണിതെന്നും ഒറി ഗോൾഡ്ബെർഗ് ചൂണ്ടിക്കാട്ടി.ആക്രമണ പദ്ധതി എന്നതിലുപരി റഫ ഇപ്പോഴും ഇസ്രായേലിന്റെ ഒരു തന്ത്രമാണ്.

റഫയിൽ ഇസ്രായേലിന് ഒന്നും ചെയ്യാനില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## എയർ ഇന്ത്യ എക്സ്പ്രസ്സ് പണിമുടക്കിനാധാരമായ വസ്തുതകൾ പരിശോധിക്കണം

രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ വിമാനകമ്പനിയായിരുന്ന എയർ ഇന്ത്യ എക്സ്പ്രസ്സ് ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തതിന് ശേഷം നടന്ന വലിയ പരിഷ്ക്കാര നടപടികളാണ് കഴിഞ്ഞ രണ്ട് ദിവസമായി നടന്ന മിന്നൽ സമരത്തിനാധാരം. യാത്രക്കാരെ ദുരിതത്തിലാക്കിയ ഈ മിന്നൽ സമരത്തിലൂടെ പ്രവാസികളടക്കമുള്ള ആയിരങ്ങൾക്കുണ്ടായ കഷ്ട നഷ്ടങ്ങൾ വളരെ വലുതാണ്. എയർ ഇന്ത്യയിൽ പണിമുടക്കുകൾ ഇതിന് മുൻപും ഉണ്ടായിട്ടുണ്ടെങ്കിലും കാബിൻ ക്രൂ അടക്കമുള്ള ജീവനക്കാർ ഒന്നിച്ച് പണിമുടക്കുന്നത് ഇതാദ്യമാണ്. ഇതാണ് അക്ഷരാർത്ഥത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചത്. പ്രതിദിനം 380 സർവ്വീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസ്സ് നടത്തുന്നത്.

2500 പേരാണ് കാബിൻ ക്രൂ ആയി എയർ ഇന്ത്യ എക്സ്പ്രസ്സിൽ ജോലിയെടുക്കുന്നത്. ടാറ്റ ഏറ്റെടുത്തതിന് ശേഷം വലിയ മാറ്റങ്ങൾ നടപ്പാക്കിയിരുന്നു. ഇതാണ് മിന്നൽ പണിമുടക്കിലേക്കെത്തിച്ചത്. കാബിൻ ക്രൂവായി ജോലി ചെയ്യുന്നവരിൽ മഹാഭൂരിപക്ഷവും 15-20 വർഷം സർവീസുള്ളവരാണ്. ടാറ്റ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളിൽ ഇവർ അസംതൃപ്തരായിരുന്നു. പുതുതായി വന്ന ജീവനക്കാരും, സീനിയേഴ്സും തമ്മിൽ വലിയ അസ്വാരസ്യം ഉണ്ടായിരുന്നു. സ്വകാര്യ മേഖല എപ്പോഴും ജീവനക്കാരുടെ പെർഫോമൻസിനെ അടിസ്ഥാനമാക്കിയാണ് ശമ്പളവും, മറ്റ് വേതനങ്ങളും നൽകാറ്. ഈ മാനദണ്ഡങ്ങൾ പാലിച്ചപ്പോൾ ഏറ്റവും ജൂനിയർ ആയവർക്ക് പോലും ഏറ്റവും സീനിയറായവരേക്കാൾ ശമ്പളം കിട്ടാൻ തുടങ്ങി. എയർ ഏഷ്യയുമായി നടത്തിയ ലയനത്തിലൂടെ കാബിൻ ക്രൂ അംഗങ്ങളുടെ പല അലവൻസുകളും നഷ്ടമായി. വിമാനം എത്തുന്ന സ്ഥലങ്ങളിൽ കാബിൻ ക്രൂ മുറി പങ്കിടണമെന്ന പുതിയ വ്യവസ്ഥയും എതിർപ്പുണ്ടാക്കി. ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലിൽ ആദ്യം ഒരാൾക്ക് ഒരു മുറിയാണ് അനുവദിച്ചിരുന്നത്. ഇപ്പോളത് രണ്ട് പേരായി പങ്കുവെക്കേണ്ടതായി വന്നു. ഇത്തരം പ്രശ്നങ്ങൾ മൂലം കമ്പനിക്കുള്ളിലുണ്ടായ ഉരസലാണ് മിന്നൽ പണിമുടക്കിലേക്കെത്തിച്ചത്. ഇത് മൂലം ദുരിതമനുഭവിക്കേണ്ടി വന്ന യാത്രക്കാർക്ക് മതിയായ നഷ്ട പരിഹാരം നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാവണം. അവധിക്കാലമായതിനാൽ വലിയ തിരക്കുള്ള സമയമാണിത്. എയർ ഇന്ത്യ എക്സപ്രസ്സ് വിമാനങ്ങൾ മുടങ്ങിയതോടെ യുഎഇയിൽ നിന്ന് കേരളത്തിലേക്കുള്ള വിമാന ടിക്കറ്റ് നിരക്ക് മൂന്നിരട്ടിയാണ് ഉയർന്നത്. ഇതും പ്രവാസികൾക്ക് കനത്ത തിരിച്ചടിയായി. റദ്ദാക്കിയ ഫ്ളൈറ്റിന്റെ ടിക്കറ്റ് നിരക്ക് മടക്കി കിട്ടിയാൽ പോലും തുടർ യാത്ര ചെയ്യണമെങ്കിൽ രണ്ടിരട്ടി തുക കൂടുതൽ ചിലവഴിക്കേണ്ട ഗതികേടിലാണ് യാത്രക്കാർ. ഇതിനെതിരെ വിവിധ പ്രവാസി സംഘടനകൾ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ യാത്രക്കാർക്ക് നീതി ലഭിക്കാൻ നടപടിയെടുക്കേണ്ടതാണ്.

## ലിവ് ഇൻ പങ്കാളിയുമായുള്ള ബന്ധം നിലനിർത്താൻ പരോൾ അനുവദിക്കാനാവില്ല: ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: ലിവ് ഇൻ പങ്കാളിയുമായുള്ള ബന്ധം നിലനിർത്തുന്നതിനായി പരോൾ അനുവദിക്കാൻ കഴിയില്ലെന്ന് ഡൽഹി ഹൈക്കോടതി. ജീവിത പങ്കാളിയെന്ന നിലയിൽ നിയമപരമായ അംഗീകാരമില്ലാത്തയാളെ കുടുംബാംഗം എന്ന് രീതിയിൽ പരിഗണിക്കാനാവില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. കൊലപാതക കേസിലെ പ്രതി തന്റെ ലിവ് ഇൻ ബന്ധത്തിലുള്ള പങ്കാളിക്കൊപ്പം ജീവിക്കാൻ പരോൾ അനുവദിക്കണം എന്നാവശ്യപ്പെട്ടാണ് കോടതിയെ സമീപിച്ചത്.

പ്രതി മറ്റൊരു വിവാഹം കഴിക്കുകയും അതിൽ കുട്ടിയും ഉണ്ടെന്ന സാഹചര്യം കൂടി നിലനിൽക്കെ ലിവ് ഇൻ ബന്ധത്തിൽ ജീവിക്കുന്നതിനായി പരോൾ നൽകാൻ കഴിയില്ലെന്നു കൂടി കോടതി കൂട്ടിച്ചേർത്തു. വ്യക്തിപരമായ തെരഞ്ഞെടുപ്പുകളിൽ മറ്റ് പരാതികൾ ഇല്ലാത്ത സാഹചര്യത്തിൽ കോടതി ഇടപെടില്ല. പക്ഷേ, കോടതിയുടെ മുന്നിൽ വരുമ്പോൾ ജയിൽ നിയമങ്ങളും മറ്റ് നിയമങ്ങളും കൂടി പരിഗണിച്ചാണ് തീരുമാനമെടുക്കുന്നതെന്നും കോടതി ചൂണ്ടിക്കാണിച്ചു.

ജസ്റ്റിസ് സ്വരണ കാന്ത ശർമയാണ് ഹർജി തള്ളിക്കൊണ്ട് ഉത്തരവിട്ടത്. ഇത്തരം കേസുകളിൽ പരോൾ അനുവദിച്ചാൽ ദോഷകരമായ ഒരു സാഹചര്യം സൃഷ്ടിക്കുമെന്നും കോടതി ഉത്തരവിൽ പറയുന്നു.

## എ സുധീഷ് ഫെഡറൽ ബാങ്ക് സോൺ മേധാവി



കോഴിക്കോട്: ഫെഡറൽ ബാങ്ക് കോഴിക്കോട് സോണിന്റെ പുതിയ മേധാവിയായി സുധീഷ് എ ചുമതലയേറ്റു. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിലധികമായി ഫെഡറൽ ബാങ്കിന്റെ ബ്രാഞ്ച് ബാങ്കിംഗ്, ഫോറെക്സ് ട്രഷറി ഡീലിംഗ്സ്, ക്രെഡിറ്റ് അണ്ടർറൈറ്റിംഗ് തുടങ്ങിയ മേഖലകളിൽ കഴിവു തെളിയിച്ച വ്യക്തിയാണ് അദ്ദേഹം. ബാങ്കിന്റെ ക്രെഡിറ്റ് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, സി ആർ എം ഡി, റെമഡിയൽ മാനേജ്മെന്റ് വിഭാഗങ്ങളുടെ കൺട്രി ഹെഡ് ആയിരുന്നു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിലെ 154 ഫെഡറൽ ബാങ്ക് ശാഖകൾ ഉൾപ്പെടുന്ന അഞ്ചു റീജിയനുകളും ഒരു ക്ലസ്റ്ററുമാണ് കോഴിക്കോട് സോണിന്റെ പരിധിയിൽ വരുന്നത്.

## പാകിസ്ഥാനെ ബഹുമാനിക്കണം, അവരുടെ കൈയിൽ ആറ്റംബോംബ് ഉണ്ട്; വിവാദമായി അയ്യരുടെ പ്രസ്താവന

ന്യൂഡൽഹി: പാകിസ്ഥാനുമായി ഇന്ത്യ ചർച്ച നടത്തണമെന്നും അല്ലെങ്കിൽ വലിയ വില നൽകേണ്ടിവരുമെന്നും മുതിർന്ന കോൺഗ്രസ് നേതാവ് മണിശങ്കർ അയ്യർ. അവരുടെ കൈയിൽ അണുബോംബ് ഉണ്ടെന്നും നമ്മുടെ സർക്കാർ അവരെ പ്രകോപിപ്പിച്ചാൽ ഇന്ത്യയ്ക്ക് നേരെ പ്രയോഗിക്കുമെന്നും അയ്യർ പറഞ്ഞു. അതേസമയം മണി ശങ്കർ അയ്യറുടെ പ്രസ്താവനയ്ക്കെതിരെ ബിജെപി രംഗത്തെത്തി. പാകിസ്ഥാന്റെയും ഭീകരരുടേയും ഭാഷയിലാണ് കോൺഗ്രസ് നേതാക്കൾ സംസാരിക്കുന്നതെന്നായിരുന്നു ബിജെപിയുടെ പ്രതികരണം.

'പാക്കിസ്ഥാനെ ഇന്ത്യ ബഹുമാനിക്കണം. കാരണം അവരുടെ കയ്യിൽ അണുബോംബുണ്ട്. ബഹുമാനിച്ചില്ലെങ്കിൽ ഇന്ത്യയ്ക്കെതിരെ അണുബോംബ് പ്രയോഗിക്കുന്നതിനെപ്പറ്റി അവർ ആലോചിക്കും. അവരോടു സംസാരിക്കണം. അതിനുപകരം സൈനിക ശക്തി വർധിപ്പിക്കുന്നതു പിരിമുറുക്കം കൂട്ടും. ഒരു 'ഭ്രാന്തൻ' ലഹോറിൽ ബോംബ് ഇടാൻ തീരുമാനിച്ചാൽ, റേഡിയേഷൻ അമൃതസറിലെത്താൻ 8 സെക്കൻഡ് എടുക്കില്ല'- ഇതായിരുന്നു അയ്യരുടെ പ്രസ്താവന.

പ്രധാനമന്ത്രിക്കെതിരെയും പരോക്ഷ വിമർശനവും മണിശങ്കർ അയ്യർ ഉന്നയിച്ചു. വിശ്വഗുരു ആകുന്നതിന് പാകിസ്ഥാനുമായുള്ള നമ്മുടെ പ്രശ്നങ്ങൾ അത് എത്ര ഗുരുതരസ്വഭാവമുള്ളതും ആകട്ടെ, നാം അത് പരിഹരിക്കാൻ കഠിനമായി പരിശ്രമിക്കുന്നുണ്ടെന്ന് കാണിക്കണം. എന്നാൽ, ഇക്കഴിഞ്ഞ പത്തുകൊല്ലത്തിൽ ഒരു കഠിനപ്രയത്നവും ഉണ്ടായിട്ടില്ല, അയ്യർ പറഞ്ഞു.

എന്നാൽ, പ്രസ്താവന അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണെന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു. ഇതിനു പിന്നാലെ, തന്റെ പ്രസ്താവനയെ വളച്ചൊടിച്ചെന്ന് വിശദീകരിച്ച് അയ്യർ രംഗത്തെത്തി.

## ഇറാൻ പിടിച്ചെടുത്ത ചരക്കുകപ്പലിലെ അഞ്ച് ഇന്ത്യക്കാർക്ക് കൂടി മോചനം

ന്യൂഡൽഹി: ഇറാൻ പിടിച്ചെടുത്ത ഇസ്രായേൽ ബന്ധമുള്ള ചരക്കുകപ്പലിലെ അഞ്ച് ഇന്ത്യക്കാർക്കു കൂടി മോചനം. എം.എസ്.സി ഏരീസ് ചരക്കു കപ്പലിലെ അഞ്ച് പേർക്കാണ് മോചനം സാധ്യമായത്. വൈകുന്നേരത്തോടെ ഇവർ ഇറാനയിൽ നിന്ന് പുറപ്പെട്ടതായി ഇറാനിലെ ഇന്ത്യൻ എംബസി അറിയിച്ചു.

കപ്പലിലുള്ള മുഴുവൻ ഇന്ത്യക്കാരെയും മോചിപ്പിക്കാനുള്ള ശ്രമം നയതന്ത്രതലത്തിൽ തുടരുകയാണെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇറാൻ- ഇസ്രയേൽ സംഘർഷം മൂർച്ഛിച്ചതിനു പിന്നാലെ കഴിഞ്ഞമാസം 13നാണ് ഹോർമൂർ കടലിടുക്കിൽ വച്ച് എംഎസ്സി ഏരീസ് ചരക്കുകപ്പൽ ഇറാൻ പിടിച്ചെടുത്ത്.

ഒരു വനിതയുൾപ്പെടെ 25 ജീവനക്കാർ കപ്പലിലുണ്ടായിരുന്നു. ഇതിൽ നാല് മലയാളികളടക്കം 17 പേർ ഇന്ത്യക്കാരാണ്. ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ ജീവനക്കാരുടെ മോചനത്തിനായി നയതന്ത്ര നീക്കങ്ങൾ തുടങ്ങിയതിനു പിന്നാലെ ഏകവനിതയായ ആൻ ടെസ ജോസഫിനെ കപ്പൽ കമ്പനി വിട്ടയച്ചിരുന്നു. എന്നാൽ ബാക്കിയുളളവരുടെ മോചന കാര്യത്തിൽ അനിശ്ചിതത്വം തുടരുകയായിരുന്നു.

## ആസ്ത്രേലിയയിൽ ഇന്ത്യൻ വിദ്യാർഥിയെ കുത്തിക്കൊന്നു; സഹോദരങ്ങൾ അറസ്റ്റിൽ

ക്യാൻബെറ: ആസ്ത്രേലിയയിൽ ഇന്ത്യൻ വിദ്യാർഥിയെ സഹോദരങ്ങളായ യുവാക്കൾ കുത്തിക്കൊന്നു. സംഭവത്തിൽ പ്രതികളായ രണ്ട് പേർ അറസ്റ്റിൽ. ഹരിയാന കർണാൽ സ്വദേശി നവ്ജീത് സന്ധു (22) ആണ് കൊല്ലപ്പെട്ടത്. ആസ്ത്രേലിയയിലെ മെൽബണിലെ ഓർമോൺട് ഹോമിൽ ഞായറാഴ്ചയായിരുന്നു സംഭവം.കൊലപാതകത്തിന് പിന്നാലെ ഒളിവിൽ പോയ അഭിജിത് (26), റോബിൻ ഗാർതൻ (27) എന്നിവരാണ് പിടിയിലായത്. ചൊവ്വാഴ്ച രാവിലെ ഗോൾബേണിൽ നിന്നാണ് വിക്ടോറിയ പൊലീസ് സംഘം ഇരുവരെയും പിടികൂടിയത്. കർണാൽ സ്വദേശികൾ തന്നെയാണ് പ്രതികളും. മെൽബണിൽ എംടെക് വിദ്യാർഥിയായിരുന്നു കൊല്ലപ്പെട്ട നവ്ജീത്.കർണാലിലെ ബസ്താര സ്വദേശികളാണ് പ്രതികളായ സഹോദരങ്ങൾ.



നവജീത് സന്ധുവിനെ കൂടാതെ 30കാരനായ ഷർവൺ കുമാറിനെയും പ്രതികൾ ആക്രമിച്ചിരുന്നു. പരിക്കേറ്റ കുമാർ ചികിത്സയിലാണ്. കൊലയ്ക്കു ശേഷം രണ്ട് പ്രതികളും ഒളിവിൽ പോവുകയായിരുന്നു.

ഞായറാഴ്ച രാത്രിയാണ് കർണാലിലെ ഗാഗ്സിന സ്വദേശിയായ സന്ധുവിന്റെ നെഞ്ചിൽ മാരകമായി കുത്തേറ്റത്. വാടകയുമായി ബന്ധപ്പെട്ട ഇന്ത്യൻ വിദ്യാർഥികൾ തമ്മിലുള്ള വഴക്കിൽ ഇടപെടാൻ ശ്രമിച്ചപ്പോഴാണ് സന്ധുവിനെ കത്തികൊണ്ട് ആക്രമിച്ചതെന്ന് കർണാൽ നിവാസിയായ അമ്മാവൻ യശ്വർ പറഞ്ഞു.

കർഷകന്റെ മകനായ നവ്ജീത് 2022 നവംബറിലാണ് സ്റ്റഡി വിസയിൽ ആസ്ത്രേലിയയിൽ എത്തിയത്.



## പൊലീസിനെ അനുസരിച്ചില്ല; പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ തൻബെർഗിന് പിഴ

സ്വീഡനിൽ നടന്ന പ്രതിഷേധത്തിനിടെ പൊലീസ് ഉത്തരവുകൾ പാലിക്കാത്തതിന്റെ പേരിൽ കാലാവസ്ഥ പ്രവർത്തക ഗ്രെറ്റ തൻബെർഗിന് പിഴചുമത്തി സ്റ്റോക്ക്ഹോം കോടതി. സ്വീഡൻ പാർലമെന്റിലേക്കുള്ള പ്രവേശനം തടഞ്ഞുകൊണ്ടായിരുന്നു ഗ്രെറ്റയുടെ നേതൃത്വത്തിൽ പ്രതിഷേധം.

പ്രധാന കവാടത്തിൽ നിന്ന് പുറത്തുപോകണമെന്ന് പൊലീസ് ആവശ്യപ്പെട്ടെങ്കിലും ഗ്രെറ്റ തയ്യാറായില്ല. തുടർന്ന് ഇവരെ പൊലീസ് തന്നെ സ്ഥലത്ത് നിന്ന് നീക്കുകയായിരുന്നു. മാർച്ച് 12, 14 തീയതികളിലായിരുന്നു സംഭവം. സ്വീഡൻ പാർലമെന്റ് കവാടത്തിന് മുന്നിൽ ദിവസങ്ങളോളം ഗ്രെറ്റയും ഒരുകൂട്ടം ആളുകളും പ്രതിഷേധിച്ചിരുന്നു. എംപിമാർ മറ്റൊരു കവാടം വഴിയാണ് പാർലമെന്റിനുള്ളിലേക്ക് പ്രവേശിച്ചിരുന്നത്.

ഗ്രെറ്റ 45,958.99 രൂപ (●551) പിഴയൊടുക്കണമെന്നാണ് കോടതി ഉത്തരവ്. കൂടാതെ നഷ്ടപരിഹാരവും പലിശയുമായി 1,000 ക്രോണറും ( 7,660.89 രൂപ) നൽകാനും ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ, പോലീസിന്റെ നിർദേശങ്ങൾ പാലിച്ചില്ലെന്ന ആരോപണം ഗ്രെറ്റ തള്ളി. കാലാവസ്ഥാ അടിയന്തരാവസ്ഥ നിലനിൽക്കുന്നു. ഈ അടിയന്തര സാഹചര്യത്തിൽ പ്രവർത്തിക്കാനുള്ള കടമ നമുക്കെല്ലാവർക്കുമുണ്ടെന്ന് ഗ്രെറ്റ പറഞ്ഞു. പോലീസ് ഉത്തരവുകൾ അനുസരിക്കാത്തതെന്തെന്ന ജഡ്ജിയുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അവർ.നിലവിലെ നിയമങ്ങൾ ആളുകളെയും നമ്മുടെ ഗ്രഹത്തെയും സംരക്ഷിക്കുന്നതിനുപകരം വേർതിരിച്ചെടുക്കുന്ന വ്യവസായങ്ങളെയാണ് സംരക്ഷിക്കുന്നതെന്നും ഗ്രെറ്റ കുറ്റപ്പെടുത്തി. സമാനമായ പ്രതിഷേധത്തിനിടെ നിയമലംഘനത്തിന് 2023 ജൂലൈയിലും ഒക്ടോബറിലും സ്വീഡനിൽ രണ്ട് തവണ തൻബർഗിന് പിഴ ചുമത്തിയിട്ടുണ്ട്. ജൂലൈയിൽ മാൽമോ തുറമുഖത്ത് ഓയിൽ ടെർമിനലിലേക്കുള്ള ഗതാഗതം തടഞ്ഞുകൊണ്ടായിരുന്നു ഗ്രെറ്റയുടെയും സംഘത്തിന്റെയും പ്രതിഷേധം. സമരസ്ഥലം വിടണമെന്ന് പൊലീസ് പലതവണകളായി ആവശ്യപ്പെട്ടെങ്കിലും ഗ്രെറ്റ അനുസരിക്കാൻ കൂട്ടാക്കാഞ്ഞതോടെ കേസെടുക്കുകയായിരുന്നു.

2003 ജനുവരിയിൽ സ്വീഡനിലെ സ്റ്റോക്കോമിലാണ് ഗ്രെറ്റയുടെ ജനനം. എഴുത്തുകാരനായ സ്വാന്റെ തുൺബെർഗിന്റെയും പാട്ടുകാരിയായ മലേനയുടെയും മകളാണ്. കാർബൺബഹിർഗമനം കുറച്ചുള്ള ജീവിതരീതി അവലംബിക്കാൻ മാതാപിതാക്കളെ നിർബന്ധിച്ചുകൊണ്ട് സ്വന്തം വീട്ടിൽ നിന്ന് തന്നെയാണ് ഗ്രെറ്റ പരിസ്ഥിതി പ്രവർത്തനം തുടങ്ങിയത്. 2018 ഏപ്രിലിൽ സ്വീഡിഷ് പാർലമെന്റിനു പുറത്ത് ശക്തമായ കാലാവസ്ഥാ നയങ്ങൾ ആവശ്യപ്പെട്ട് ഗ്രെറ്റ സമരങ്ങൾ തുടങ്ങി. വെള്ളിയാഴ്ചകളിൽ നടന്ന ഈ സമരങ്ങൾ പിന്നീട് ഫ്രൈഡേസ് ഫോർ ഫ്യൂച്ചർ എന്ന പേരിൽ അറിയപ്പെട്ടു.

2019ൽ യുഎസിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയിൽ പങ്കെടുക്കാനായി പായ്വഞ്ചിയിൽ ഗ്രെറ്റ നടത്തിയ യാത്രയും ലോകശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 2019, 2020, 2021, 2022 വർഷങ്ങളിൽ നോബൽ പുരസ്കാരത്തിനായുള്ള നാമനിർദേശങ്ങളിലും ഗ്രെറ്റ ഇടംനേടി.

## സെലൻസ്കിയെ വധിക്കാനുള്ള റഷ്യൻ ശ്രമം പരാജയപ്പെടുത്തിയതായി യുക്രൈൻ

തെൽ അവിവ്: പ്രസിഡൻറ് വ്ളാദിമിർ സെലൻസ്കിയെയും മറ്റ് ഉന്നത സൈനിക-രാഷ്ട്രീയ നേതാക്കളെയും വധിക്കാനുള്ള റഷ്യൻ ഗൂഢാലോചന പരാജയപ്പെടുത്തിയതായി യുക്രൈൻ. ഗൂഢാലോചനയിൽ പങ്കാളികളായതിന് രണ്ട് യുക്രേനിയൻ കേണൽമാരെ രാജ്യദ്രോഹക്കുറ്റം ആരോപിച്ച് അറസ്റ്റ് ചെയ്തു.റഷ്യയുടെ ഫെഡറൽ സെക്യൂരിറ്റി സർവീസ് അല്ലെങ്കിൽ എഫ്എസ്ബിയുടെ കേണലുകൾ ഉൾപ്പെടെ - ഏജന്റുമാരുടെ ഒരു ശൃംഖലയാണ് ഗൂഢാലോചനയിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് യുക്രേനിയൻ ആഭ്യന്തര രഹസ്യാന്വേഷണ ഏജൻസിയായ എസ്ബിയു പ്രസ്താവനയിൽ പറഞ്ഞു.റഷ്യയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന ഏജന്റുമാർക്ക് സെലൻസ്കിയുടെ സുരക്ഷാ



വിശദാംശങ്ങളുമായി അടുപ്പമുള്ള ആളുകളെ ബന്ദിയാക്കാനും പിന്നീട് വധിക്കാനും കഴിയുമെന്ന് എസ്.ബി.യു വ്യക്തമാക്കുന്നു. ഗൂഢാലോചനയിൽ ലക്ഷ്യമിടുന്ന മറ്റ് ഉന്നത യുക്രേനിയൻ ഉദ്യോഗസ്ഥരിൽ എസ്ബിയു തലവൻ വാസിൽ മാല്യൂക്കും യുക്രൈൻറെ മിലിട്ടറി ഇന്റലിജൻസ് മേധാവി ജനറൽ കിറിലോ ബുഡനോവും ഉൾപ്പെടുന്നുവെന്ന് ഏജൻസിയുടെ പ്രസ്താവനയിൽ പറയുന്നു.

ഇതാദ്യമായിട്ടല്ല യുക്രൈനിലെ ഉന്നത നേതാക്കളെ ലക്ഷ്യമിട്ടുള്ള വധശ്രമം പരാജയപ്പെടുത്തുന്നത്. തനിക്ക് നേരെ പത്തിലധികം വധശ്രമങ്ങൾ ഉണ്ടായതായി സുരക്ഷാ ഉദ്യോഗസ്ഥർ തന്നോട് പറഞ്ഞതായി സെലെൻസ്കി ഈ വർഷം ഒരു ഇറ്റാലിയൻ ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു. ഗൂഢാലോചനയിൽ കുറ്റാരോപിതരായ രണ്ട് കേണൽമാരും ഉന്നത ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന സ്റ്റേറ്റ് സെക്യൂരിറ്റി അഡ്മിനിസ്ട്രേഷനിൽ നിന്നുള്ളവരാണെന്ന് സുരക്ഷാ സംഘം കൂട്ടിച്ചേർത്തു. ബുഡനോവിനെ മേയ് 5ന് മുൻപ വധിക്കാനാണ് പദ്ധതിയിട്ടിരുന്നത്. ബുഡനോവ് എവിടെയാണെന്ന് നിരീക്ഷിക്കുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും യുക്രൈനിലെ എഫ്എസ്ബിയുടെ ഏജന്റുമാരുടെ ശൃംഖലയെ ചുമതലപ്പെടുത്തിയതായി യുക്രേനിയൻ സുരക്ഷാ സേവനങ്ങൾ അറിയിച്ചു. വധശ്രമ ആരോപണങ്ങളെക്കുറിച്ച് റഷ്യ ഇതുവരെ പ്രതികരിച്ചിട്ടില്ല.



## ന്യൂസിലൻഡ് താരം കോളിൻ മൺറോ വിരമിച്ചു

ന്യൂസിലൻഡിന്റെ ടി20 ലോകകപ്പ് 2024 ടീമിൽ നിന്ന് അവഗണിക്കപ്പെട്ടതിനു പിന്നാലെ കോളിൻ മൺറോ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

2020 മുതൽ ന്യൂസിലൻഡിനായി ഒരു അന്താരാഷ്ട്ര മത്സരം കളിച്ചിട്ടില്ലെങ്കിലും താൻ ലോകകപ്പ് കളിക്കാൻ തയ്യാറാണെന്ന് അദ്ദേഹം ടീമിനെ അറിയിച്ചിരുന്നു. എന്നാൽ വെറ്ററൻ ഇടംകയ്യന് ഇടമില്ലെന്നാണ് ടീം മാനേജ്മെന്റ് അറിയിച്ചത്.

മൺറോ ന്യൂസിലൻഡിനായി ഒരു ടെസ്റ്റും 57 ഏകദിനങ്ങളും 65 ടി20 മത്സരങ്ങളും കളിച്ചിട്ടുണ്ട്. 2018ൽ വെസ്റ്റ് ഇൻഡീസിനെതിരെ 47 പന്തിൽ സെഞ്ചറി നേടിയിരുന്നു ആകെ മൂന്ന് സെഞ്ചറികൾ അദ്ദേഹം ടി20യിൽ ന്യൂസിലൻഡിനായി നേടി ശ്രീലങ്കയ്ക്കെതിരെ 14 പന്തിൽ അർദ്ധ സെഞ്ചറി നേടിയും അദ്ദേഹം റെക്കോർഡ് കുറിച്ചിരുന്നു.

## ജോർഗീഞ്ഞോ ആഴ്സണലിൽ കരാർ പുതുക്കി




ഇറ്റാലിയൻ ഇന്റർനാഷണൽ ജോർഗീഞ്ഞോ ആഴ്സണലിൽ പുതിയ കരാർ ഒപ്പുവെച്ചു. 2023 ജനുവരിയിൽ ചെൽസിയിൽ നിന്ന് എത്തിയ താരം ഇപ്പോൾ അർട്ടേറ്റയുടെ ആഴ്സണൽ ടീമിന്റെ അവിഭാജ്യ ഘടകമാണ്, 50-ലധികം മത്സരങ്ങൾ ആഴ്സണലിനായി അദ്ദേഹം കളിച്ചിട്ടുണ്ട്. 2025 സമ്മർ വരെയുള്ള കരാർ ആണ് താരം ഒപ്പുവെച്ചത്.32 കാരനായ മിഡ്ഫീൽഡർ ഇറ്റലിയിലെ ഹെല്ലാസ് വെറോണയ്ക്കൊപ്പമാണ് തന്റെ കരിയർ ആരംഭിച്ചത്, അവിടെ നിന്ന് അദ്ദേഹം സീരി എ ടീമായ നാപ്പോളിയിൽ എത്തി. നാല് സീസണുകൾ അവിടെ കളിച്ചു, 160 മത്സരങ്ങൾ കളിച്ച് കോപ്പ ഇറ്റാലിയയും സൂപ്പർകോപ്പ ഇറ്റാലിയയും നാപോളിക്ക് ഒപ്പം നേടി.2018 ജൂലൈയിൽ ചെൽസിക്കായി സൈൻ ചെയ്തു. അവിടെ 213 മത്സരങ്ങൾ കളിച്ചു, 29 ഗോളുകൾ നേടി, എട്ട് തവണ അസിസ്റ്റുചെയ്തു, നാല് പ്രധാന ട്രോഫികളും നേടി. ഇറ്റലിക്ക് വേണ്ടി 52 മത്സരങ്ങളും അദ്ദേഹം കളിച്ചിട്ടുണ്ട്.



# യൂറോപ്യൻ ലീഗിൽ ബയർ ലെവർകൂസൻ പുതു ചരിത്രമെഴുതി

പാരിസ്: സ്പാനിഷ് പരിശീലകൻ സാബി അലോൺസോയുടെ കീഴിൽ പുതിയ ചരിത്രമെഴുതി ജർമൻ ക്ലബ് ബയർ ലെവർകൂസൻ. ഈ സീസണിൽ തോൽവി അറിയാതെ ലെവർകൂസൻ 49 മത്സരങ്ങളാണ് പൂർത്തിയാക്കിയത്. എഎസ് റോമയെ പരാജയപ്പെടുത്തി ലെവർകൂസൻ യൂറോപ്യൻ ലീഗിന്റെ ഫൈനലിൽ പ്രവേശിച്ചു. കിരീടപോരാട്ടത്തിൽ അറ്റ്ലാന്റയാണ് എതിരാളികൾ. മെയ് 23നാണ് കലാശപോരാട്ടം.

ഒന്നാം പാദ സെമിയിൽ എഎസ് റോമയെ അവരുടെ തട്ടകത്തിൽ രണ്ട് ഗോളിന് തകർത്തതിന്റെ ആത്മവിശ്വാസത്തിലാണ് ബയേർ ലെവർകൂസൻ രണ്ടാംപാദ മത്സരത്തിനായി തങ്ങളുടെ ഹോം ഗ്രൗണ്ടിൽ ഇറങ്ങിയത്. രണ്ട് ഗോളിന് പിന്നിൽ നിന്ന ശേഷമാണ് ബയർ ലെവർകൂസൻ മത്സരത്തിലേക്ക് മടങ്ങിയെത്തിയത്. ലിയാൻഡ്രോ പരെഡെസിന്റെ ഇരട്ട ഗോളുകളിലൂടെ അഗ്രിഗേറ്റഡ് സ്കോറിൽ ആതിഥേയർക്ക് ഒപ്പം പിടിക്കാൻ റോമയ്ക്കായി.മത്സരത്തിന്റെ 43-ാം മിനിറ്റിലും 66-ാം മിനിറ്റിലും പെനാൽറ്റിയിലൂടെയാണ് പരെഡെസ് എഎസ് റോമയ്ക്കായി ഗോൾ നേടിയത്.

82-ാം മിനിറ്റിൽ എഎസ് റോമൻ താരം ജിയാൻലൂക മഞ്ചിനിയുടെ വകയായിരുന്നു സെൽഫ് ഗോൾ. ഇതിന് പിന്നാലെ ആക്രമണം കടുപ്പിച്ച ലെവർകൂസൻ ഇഞ്ചുറി ടൈമിലെ ഏഴാം മിനിറ്റിൽ സമനില ഗോളും നേടി. സമനിലയോടെ സീസണിൽ തോൽവി അറിയാതെ 49 മത്സരങ്ങളും ബയേർ ലെവർകൂസൻ പൂർത്തിയാക്കി.

## ആറ് നഗരങ്ങൾ, ആറ് ക്ലബുകൾ; ഐഎസ്എൽ മാതൃകയിൽ സൂപ്പർ ലീഗ് കേരള

കൊച്ചി: പ്രഫഷനൽ ഫ്രാഞ്ചൈസി ഫുട്ബോൾ ലീഗിന്റെ ആവേശം കേരളത്തിലേക്കും. ആറ് നഗരങ്ങൾ കേന്ദ്രീകരിച്ച് ആറ് പ്രഫഷനൽ ക്ലബുകൾ സെപ്റ്റംബറിൽ ആരംഭിച്ച് രണ്ടുമാസത്തോളം നീളുന്ന സൂപ്പർ ലീഗ് കേരളയുടെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന്. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച ആറ് ക്ലബുകളാണ് ആദ്യലീഗിൽ കരുത്ത് പരീക്ഷിക്കുക. ഐഎസ്എൽ മാതൃകയിലാകും ലീഗ്.കായിക മന്ത്രി വി അബ്ദുറഹിമാൻ, മുൻ ഇന്ത്യൻ ക്യാപ്റ്റൻ ബൈചൂങ്ങ് ബൂട്ടിയ, അഖിലേന്ത്യ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് കല്യാൺ ചൗബേ, ടെക്നിക്കൽ കമ്മറ്റി ചെയർമാനും മുൻ ഇന്ത്യൻ ക്യാപ്റ്റനുമായ ഐഎം വിജയൻ, ഷബീറലി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി, ടീം ഉടമകൾ, മുൻകാല താരങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

കേരള ഫുട്ബോളിൽ കൂടുതൽ പ്രഫഷനൽ ക്ലബുകളേയും പ്രഫഷനൽ ഫുട്ബോൾ താരങ്ങളെയും സൃഷ്ടിക്കുകയും ചെയ്യുകയെന്ന വലിയ ലക്ഷ്യത്തോടെയാണ് കേരള ഫുട്ബോൾ അസോസിയേഷൻ ഗ്രൂപ്പ് മീരാനുമായി സഹകരിച്ച് പ്രഫഷനൽ ലീഗ് അവതരിപ്പിക്കുന്നത്. വളർന്നുവരുന്ന കളിക്കാർക്ക് കേരളത്തിൽ തന്നെ മികച്ച വരുമാനം ലഭിക്കുന്ന പ്രഫഷനൽ താരങ്ങളാകാനും അതുവഴി ഐഎസ്എൽ ഉൾപ്പടെ ഉയർന്ന തരത്തിൽ വളരാൻ അവസരം നൽകാനും ലക്ഷ്യമിട്ടാണ് സൂപ്പർ ലീഗ് സംഘടിപ്പിക്കുന്നതെന്ന് കെഐഫ്എ പ്രസിഡന്റ് നവാസ് മീരാൻ പറഞ്ഞു.

സൂപ്പർ ലീഗ് കേരള വരുന്നതോടെ അതിനുള്ള അവസരം വർധിക്കും. മലയാളി യുവതാരങ്ങൾക്കു പ്രാമുഖ്യം നൽകി തയ്യാറാക്കിയ പ്ലെയർ ഡ്രാഫ്റ്റിൽ നിന്നാണ് ആറുടീമുകളും കളിക്കാരെ തെരഞ്ഞെടുക്കുക. വിദേശയുവതാരങ്ങളും ഡ്രാഫ്റ്റിലുണ്ട്.

എല്ലാ ടീമുകൾക്കും ഒരുപോലെ മികച്ച കളിക്കാരെ രീതിയിലാകും തെരഞ്ഞെടുപ്പ്.

## പരിശീലകനായി തുടരണമെങ്കിൽ രാഹുൽ ദ്രാവിഡ് വീണ്ടും അപേക്ഷ നൽകണം; ജയ്ഷാ



ന്യൂഡൽഹി: ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പരിശീലകനായി തുടരണമെങ്കിൽ രാഹുൽ ദ്രാവിഡ് വീണ്ടും അപേക്ഷ നൽകണമെന്ന് ബിസിസിഐ സെക്രട്ടറി ജയ്ഷാ. നിലവിലെ പരിശീലകൻ രാഹുൽ ദ്രാവിഡുമായുള്ള കരാർ ജൂണിൽ അവസാനിക്കാനിരിക്കെയാണ് ജയ് ഷായുടെ പ്രതികരണം. പുതിയ പരിശീലകനെ കണ്ടെത്താനുള്ള പരസ്യം ഉടൻ പുറത്തിറക്കുമെന്ന് ബിസിസിഐ സെക്രട്ടറി ജയ് ഷാ അറിയിച്ചു.

2021 നവംബറിൽ ടീമിന്റെ പരിശീലസ്ഥാനം ഏറ്റെടുത്ത ദ്രാവിഡിന്റെയും പരിശീലക സംഘത്തിന്റെയും കാലാവധി 2023 ഏകദിന ലോകകപ്പിനു ശേഷം നീട്ടിനൽകുകയായിരുന്നു. 2024 ടി20 ലോകകപ്പ് വരെയാണിത്. ഇതോടെ ലോകകപ്പിനു ശേഷം ഇന്ത്യയ്ക്ക് പുതിയ പരിശീകനുണ്ടായേക്കും.

ഇനി ദ്രാവിഡിന് പരിശീലക സ്ഥാനത്തിനായി അപേക്ഷിക്കാമെന്നും എന്നാൽ മുമ്പത്തെപ്പോലെ ഓട്ടോമാറ്റിക് എക്സ്റ്റൻഷൻ ഉണ്ടാകില്ലെന്നും ജയ് ഷാ പറഞ്ഞു. ഞങ്ങൾ മൂന്ന് വർഷത്തേക്ക് ഒരു ദീർഘകാല പരിശീലകനെ തേടുകയാണ്. സെലക്ടർ തസ്തികയിലേക്കുള്ള ഏതാനും അഭിമുഖങ്ങൾ ഇതിനകം നടന്നിട്ടുണ്ട്. പേര് അന്തിമമാക്കാൻ സിഎസി ഒരാഴ്ചയ്ക്കുള്ളിൽ യോഗം ചേരും എന്നും അദ്ദേഹം പറഞ്ഞു.

'ഓരോ ഫോർമാറ്റുകളിലും ഓരോ പരിശീലകർ ആവശ്യമാണോയെന്ന കാര്യവും ഉപദേശക സമിതിയാണു തീരുമാനിക്കുന്നത്. ഇന്ത്യയിൽ വിരാട് കോഹ്‌ലി. രോഹിത് ശർമ, ഋഷഭ് പന്ത് തുടങ്ങിയ നിരവധി താരങ്ങൾ എല്ലാ ഫോർമാറ്റുകളിലും കളിക്കുന്നവരാണ്. നിലവിൽ ഓരോ ഫോർമാറ്റിലും വേറെ പരിശീലകരുടെ ആവശ്യമില്ല.' ജയ് ഷാ പറഞ്ഞു. ഐപിഎല്ലിലെ ഇംപാക്ട് പ്ലേയർ നിയമം പരീക്ഷണ ഘട്ടത്തിലാണെന്നും ഇതു തുടരണോയെന്നു ടീമുകളുമായി ചർച്ച ചെയ്തു തീരുമാനിക്കുമെന്നും ജയ് ഷാ വ്യക്തമാക്കി.




## ബംഗ്ലാദേശിനെ തകർത്ത് ടി20 പരമ്പര തൂത്തുവാരി ഇന്ത്യൻ വനിതകൾ

ധാക്ക: ബംഗ്ലാദേശിനെതിരായ ടി20 പരമ്പര തൂത്തുവാരി ഇന്ത്യൻ വനിതകൾ. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പര 5-0ത്തിനു ഇന്ത്യ സ്വന്തമാക്കി.

അവസാന പോരാട്ടത്തിൽ 21 റൺസിന്റെ വിജയമാണ് ഇന്ത്യ സ്വന്തമാക്കിയത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 156 റൺസെടുത്തു. ബംഗ്ലാദേശിന്റെ പോരാട്ടം 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 135 റൺസിൽ അവസാനിപ്പിച്ചാണ് ഇന്ത്യ വിജയം പിടിച്ചത്.

സ്മൃതി മന്ധാന (33), ദയാളൻ ഹേമലത (37), ഹർമൻപ്രീത് കൗർ (30) എന്നിവർ ഇന്ത്യക്കായി തിളങ്ങി. റിച്ച ഘോഷ് 28 റൺസുമായി പുറത്താകാതെ നിന്നു. മലയാളി താരം സജന സജീവനു ബാറ്റിങിൽ തിളങ്ങാനായില്ല. താരം 1 റണ്ണുമായി പുറത്തായി.

വിജയം തേടിയിറങ്ങിയ ബംഗ്ലാദേശിനെ രാധ യാദവിന്റെ ബൗളിങാണ് വെട്ടിലാക്കിയത്. താരം നാലോവറിൽ 24 റൺസ് വഴങ്ങി മൂന്ന് വിക്കറ്റുകൾ വീഴ്ത്തി. മറ്റൊരു മലയാളി താരം ആശ ശോഭനയും ബൗളിങിൽ തിളങ്ങി. താരം നാലോവറിൽ 25 റൺസ് മാത്രം വഴങ്ങി രണ്ട് വിക്കറ്റെടുത്തു. സജന രണ്ടോവർ എറിഞ്ഞു 12 റൺസ് വഴങ്ങി. വിക്കറ്റില്ല.

ബംഗ്ലാദേശിനായി റിതു മോനി 37 റൺസെടുത്ത് ടോപ സ്കോററായി. ഷൊരിഫ ഖാതൂൻ 21 പന്തിൽ 28 റൺസുമായി പുറത്താകാതെ നിന്നെങ്കിലും ജയത്തിലെത്തിക്കാനായില്ല. റുബയ ഹൈദർ 20 റൺസ് കണ്ടെത്തി.

## ആഴ്ചവട്ടം ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ അവധിക്കാല ക്യാമ്പ് സമാപിച്ചു



കോഴിക്കോട്: ആഴ്ചവട്ടം ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ സംഘടിപ്പിച്ച അവധിക്കാല ക്യാമ്പ് ഫന്റാസ്മിന്റ സീസൺ 2 ശ്രദ്ധേയമായി. മെയ് 7ന് ആരംഭിച്ച ക്യാമ്പ്, നാടകപ്രവർത്തകനും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ നവീൻരാജ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ അശോക് കുമാർ, പി ടി എ പ്രസിഡൻറ് അഫ്സൽ കോണിക്കൽ, നിഷ ടീച്ചർ, ഹരികൃഷ്ണ മാസ്റ്റർ എന്നിവർ സംസാരിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന ക്യാമ്പിന്റെ ആദ്യ ദിനം നവീൻരാജ് നാടക ശില്പശാല നയിച്ചു. രണ്ടാം ദിവസം സന്ദീപ എസ് ബാബു നയിച്ച ശില്പകല പരിശീലനവും മൂന്നാം ദിവസം രഘുനാഥൻ കൊളത്തൂരിന്റെ നേതൃത്വത്തിൽ കഥയോരം ചേരാം കഥ കവിത ക്യാമ്പും ബേഷ്കല ടീച്ചർ നയിച്ച ക്രാഫ്റ്റ് പരിശീലനവും കെ ടി ഗോപാലൻ മാസ്റ്ററുടെ നേതൃത്വത്തിൽ നാടൻപാട്ടു പരിശീലനവും നടന്നു. കുട്ടികൾക്ക് ഇത് ഒരു നവ്യാനുഭവമായിരുന്നു.

## വരുന്നു, ചന്ദ്രനിലും ട്രെയിൻ; സ്വപ്ന പദ്ധതിയുമായി നാസ



വാഷിങ്ടൺ: ചന്ദ്രനിൽ ചൂളംവിളിച്ചു പായുന്ന ട്രെയിൻ! എന്തു നല്ല നടക്കാത്ത സ്വപ്നം എന്നാണോ.. എന്നാൽ, അങ്ങനെ കരുതേണ്ട. ചന്ദ്രോപരിതലത്തിൽ ട്രെയിൻ സർവീസും റെയിൽവേ സ്റ്റേഷനുമെല്ലാം തുടങ്ങാനുള്ള ആലോചനയിലാണിപ്പോൾ നാസ. പദ്ധതിയുടെ സാധ്യതാ പഠനങ്ങൾ ആരംഭിച്ചു കഴിഞ്ഞതായാണു പുറത്തുവരുന്ന വിവരം.

ഫ്ളക്സിബിൾ ലെവിറ്റേഷൻ ഓൺ എ ട്രാക്ക്(ഫ്ളോട്ട്) എന്ന പേരിലാണ് നാസ പദ്ധതിക്കു തുടക്കമിട്ടിരിക്കുന്നതെന്ന് ശാസ്ത്ര വെബ് പോർട്ടലായ 'സയൻസ് ലൈവ്' റിപ്പോർട്ട് ചെയ്തു. ചന്ദ്രനിലേക്കു വിക്ഷേപിക്കുന്ന ഉപഗ്രഹങ്ങളിലെ പേലോഡിന് സുഗമമായി ചന്ദ്രോപരിതലത്തിലൂടെ സഞ്ചരിക്കാനുള്ള സൗകര്യമൊരുക്കുകയാണ് നാസ ലക്ഷ്യമിടുന്നത്. റോബോട്ട് നിയന്ത്രിത ട്രെയിനായിരിക്കുമിത്.

ബഹിരാകാശത്തെ പുത്തൻ പര്യവേക്ഷണങ്ങളുടെ ഭാഗമായി സയൻസ് ഫിക്ഷൻ സ്വഭാവത്തിലുള്ള പദ്ധതികൾ വികസിപ്പിക്കാനായി ആരംഭിച്ച നാസാസ് ഇനൊവേറ്റിവ് അഡ്വാൻസ്ഡ് കൺസെപ്റ്റ്സ് പ്രോഗ്രാം(നിയാക്) ആണ് ചന്ദ്രനിലെ റെയിൽവേ പദ്ധതിയെ കുറിച്ചുള്ള ഗവേഷണങ്ങൾക്കു മേൽനോട്ടം വഹിക്കുക. 2030ഓടെ ചന്ദ്രോപരിതലത്തിലൂടെ ചരക്കുഗതാഗതം സാധ്യമാക്കുകയാണ് നാസ ലക്ഷ്യമിടുന്നത്. ചന്ദ്രനിൽ പേലോഡ് ഗതാഗതത്തിനായി ആശ്രയിക്കാൻ കൊള്ളാവുന്ന സ്വയംനിയന്ത്രിതവും കാര്യക്ഷമവുമായ ആദ്യത്തെ റെയിൽവേ സംവിധാനമൊരുക്കുകയാണ് നാസ ലക്ഷ്യമിടുന്നതെന്നാണ് പ്രോജക്ട് തലവൻ എഥാൻ സ്കാലർ വെളിപ്പെടുത്തിയത്. നാസയുടെ ജെറ്റ് പ്രൊപൽഷൻ ലബോറട്ടറിയിലെ റോബോട്ടിക്സ് എൻജിനീയറാണ് എഥാൻ. ഒരു ബ്ലോഗ് പോസ്റ്റിലൂടെയാണ് വിസ്മയിപ്പിക്കാൻ പോകുന്ന നാസയുടെ പുതിയ പദ്ധതിയെ കുറിച്ച് അദ്ദേഹം വെളിപ്പെടുത്തിയത്.

മാഗ്നെറ്റിക് റോബോട്ടുകളായിരിക്കും ട്രെയിനുകൾ നിയന്ത്രിക്കുകയെന്ന് ബ്ലോഗ് പോസ്റ്റിൽ പറയുന്നു. ചക്രങ്ങളോ കാലുകളോ ട്രാക്കുകളോ ഒക്കെയുള്ള പതിവ് ചാന്ദ്ര റോബോട്ടുകളിൽനിന്ന് വ്യത്യസ്തമായിരിക്കും ഇവ. ഇവയ്ക്ക് ചലിക്കുന്ന അവയവങ്ങളും ഉണ്ടാകില്ല. ചന്ദ്രനിലെ പൊടിപടലമുണ്ടാക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനായി ട്രാക്കിനു മുകളിലൂടെ ഒഴുകി നടക്കുകയാകും ഇവ ചെയ്യുകയെന്നും എഥാൻ പറഞ്ഞു.

റെയിൽവേ ട്രാക്കുകളും നമ്മൾ കണ്ടുപരിചയിച്ചതിൽ നിന്ന് ഏറെ വ്യത്യസ്തമായിരിക്കും. പരമ്പരാഗത റോഡ്, റെയിൽവേ, കേബിൾവേ സംവിധാനങ്ങളെപ്പോലെ ചന്ദ്രോപരിതലത്തിൽ ട്രാക്കുകൾ നേരത്തെ നിർമിച്ചുവയ്ക്കില്ല. റോബോട്ട് ഉപരിതലത്തിലൂടെ മുന്നോട്ടു സഞ്ചരിക്കുന്നതിനനുസരിച്ചു പായ പോലെ ചുരുൾനിവരുന്ന പോലെയായിരിക്കും ട്രാക്കുകൾ സജ്ജമാക്കുക. ഏതുതരത്തിലുള്ള പേലോജ് സാധനസാമഗ്രികളും ആവശ്യമായ വേഗത്തിൽ കൊണ്ടുപോകാൻ ഫ്ളോട്ട് റോബോട്ടുകൾക്കാകും. വൻ സജ്ജീകരണങ്ങളുള്ള ട്രെയിനിൽ 10 ലക്ഷം കിലോഗ്രാം ഭാരമുള്ള സാധനങ്ങൾ വരെ ഒരു ദിവസം കിലോ മീറ്ററുകൾ ദൂരം കൊണ്ടുപോകാനാകും.

അടുത്ത ഘട്ടത്തിൽ ചന്ദ്രനിലൂടെ മനുഷ്യരെ വഹിച്ചു കൊണ്ടുപോകാവുന്ന തരത്തിൽ ഫ്ളോട്ട് ട്രെയിനുകൾ വികസിപ്പിക്കുമെന്നും ബ്ലോഗ് പോസ്റ്റിൽ പറയുന്നുണ്ട്. ചന്ദ്രോപരിതലത്തിലെ മനുഷ്യ പര്യവേക്ഷണങ്ങൾക്കു വേണ്ട സജ്ജീകരണങ്ങളുമായായിരിക്കും റോബോട്ടുകളെ വികസിപ്പിക്കുക. മനുഷ്യന്റെ ചാന്ദ്രപര്യവേക്ഷണവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന വെല്ലുവിളികൾക്കെല്ലാം ഇതു വഴി വലിയ അളവിൽ പരിഹാരം കാണാനാകുമെന്ന് നാസ പ്രതീക്ഷിക്കുന്നുണ്ട്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.